DEVA MATHA COLLEGE MAGAZINE 2024-25

AION



The Flavor that finds its way to your heart



PALA BAKERS

PALA	KOTTARAMATTOM	CHERPUNKAL	PRAVITHANAM	RAMAPURAM	MUTHOLY	KURAVILANGAD
Municipal Complex Building	Santhome Complex	Mar Sleeva Complex	Michael Plaza Building	Kandathil Building	Brilliant Campus	Muthiyamma Complex
Ph:9446313349	Ph:9446030629	Ph:9645993000	Ph:9446050629	Ph:9446365017	Ph: 9048993000	Ph: 9048993001

Unleash Your Inner Goddess

Hera

HERA FASHIONS

Muthiyamma Complex
Near HDFC bank, Kuravilangad
Kottayam-686633



Mob: 9778241045 herafashions2025@gmail.com @herafashions_

AION

The God of Eternal Time...

Reborn as AI ON.
The God of Digital Era.

Dive into the Age of AI ON.....

SBI
The banker to every Indian

STATE BANK OF INDIA, KOZHA BRANCH (70521)
PULLUKALAYIL BUILDING, KURAVILANGAD P.O., KOTTAYAM - 686 633
MOB: 8281799676, 8281799677

വിദേശത്ത് ഉപരിപഠനമാണോ നിങ്ങളുടെ ലക്ഷ്യം ?
എസ്.ബി.ഐ. അവതരിപ്പിക്കുന്നു.

SBI Global Ed-Vantage Loan

Overseas education loan exclusively for those who wish to pursue full time regular courses at foreign colleges / universities.



- 1.50 കോടി വരെ വായ്പ
- വേഗത്തിലുള്ള പ്രോസ്സസിംഗ്
- 30 ൽ പരം രാജ്യങ്ങളിലെ അംഗീകൃത കോഴ്സുകൾക്ക്
- ലളിതമായ നടപടിക്രമങ്ങൾ
- കുറഞ്ഞ മാർജിൻ
- കോഴ്സിന് ശേഷം 15 വർഷം വരെ തിരിച്ചടവ് കാലാവധി
- Sec (80E) പ്രകാരം നികുതി ഇളവ്
- വിസക്ക് മുൻപേ തന്നെ അപ്രൂവൽ
- ആകർഷകമായ പലിശനിരക്ക്



നമ്മുടെ ഭവനങ്ങൾക്ക് പുതുമയുടെ പ്രൗഢിയേകാം
KPV ഹോംസിനോടൊപ്പം

KPV HOMES PVT LTD.

INTERIOR SOLUTIONS

WHOLE SALE & RETAIL



Vaikom Road, Near Govt. Hospital, Kuravilangad

Ph: 8714690101, 8714690099

- PLYWOOD
- HDHMR BOARDS
- GLASS WORKS
- KITCHEN SINKS
- WPC BOARD
- LAMINATES
- LOCKS
- MODULAR
- MULTIWOOD
- GLASS
- SMART LOCKS
- KITCHEN ACCESORIES



MikasaPly · PRESTIGE PLYWOOD · TROJAN PLY WPC PVC · K-BOARD PLY Lifelong Relationship · DEMAC MULTI BOARD · THRASSO multi wood · GBOND · VIR PVC · AMULYA MICA · NEW MIKA · Greenlam LAMINATES · merino · CENTURY LAMINATES my design. my style. · VIRGO CROMA · ADVANCE · E3 EDGE BANDS · PEGASUS PVC EDGEBAND TAPE · Yale · Godrej LOCKS THINK SAFETY, THINK GODREJ. · aks Reflecting Change · YAMA · FEVICOL · VOX · Hettich · PEGLAR atwork Furniture Hardware Fittings · eboco · Sleek KITCHENS by asianpaints · SYMETRY by quba

LAMINATE PRESSING, BOARD CUTTING & EDGE BANDING WORKS AVAILABLE

PATRON



H.E. MAR JOSEPH KALLARANGATTU
Bishop of Palai Diocese

MANAGER



Archpriest
VERY REV. DR. THOMAS MENACHERY

PRINCIPAL



PROF. DR. SUNIL C MATHEW

BURSAR



FR. JOSEPH MANIANCHIRA

VICE PRINCIPAL



REV. FR. DINOY MATHEW KAVALAMMACKAL


DEVA MATHA COLLEGE



Dear Readers,

It gives me great pleasure to introduce AION, this year's edition of our college magazine. Each issue of the College Magazine stands as a testament to the vibrant academic and creative spirit that defines Deva Matha College, and this volume is no exception.

The pages that follow capture the pulse of our campus - the thoughts, dreams, and artistic expressions of our young minds. Every poem, story, and article reflects not only the individuality of its creator but also the collective energy of a community that values imagination, inquiry, and excellence.

Our students continue to inspire us with their originality and commitment, turning ideas into meaningful creations. I am deeply appreciative of the editorial board, ably led by Ms. Sayana Sheriff, and the faculty members who supported this venture with enthusiasm and dedication. Their tireless efforts have transformed this magazine into a platform where creativity truly thrives.

As you explore these pages, I hope you find moments of inspiration, joy, and reflection. May this magazine remind us that every act of expression adds to the living legacy of Deva Matha College - a legacy built on learning, creativity, and the courage to dream beyond limits.

With best wishes,

Prof. Dr Sunil C Mathew
Principal
Deva Matha College, Kuravilangad

COLLEGE UNION : 2024-25



SAYANA SHERIFF
CHAIRPERSON



AKASH C
GENERAL SECRETARY



MANYADAS P
VICE CHAIRPERSON



AKHIL JOSE
ART'S CLUB SECRETARY



AADHY SANTHOSH
UNIVERSITY UNION COUNCILLOR



YOHANNAN ANTONY
UNIVERSITY UNION COUNCILLOR



AVANI PRAKASH
LADY REPRESENTATIVE



ALEENA RAJ
LADY REPRESENTATIVE



SHREYA BABU
SECOND YEAR REPRESENTATIVE



ADITHYASANKAR L
THIRD YEAR REPRESENTATIVE



VAANI AJITH
FIRST PG REPRESENTATIVE



EMY ELSA BABU
SECOND PG REPRESENTATIVE

Editorial Board



Dr. Ciby Kurian
Chief Editor



Sayana Sheriff
Student Editor



Dr. Renny A. George
Staff Editor



Dr Jobin Jose
Dept. of Malayalam



Anju B
Dept. of Hindi



Dr. Sr. Fancy Paul
Dept. of English



Rosemerin Jojo
Sub Editor



Karthika Praveen
Sub Editor



Basil Baby
Sub Editor



Melvin V Manoj
Cover Designing



Shybin Shaijo
Designing



Akhil Jose
Drawings

Editor's Note

'AION' – സമയത്തെ പ്രതിനിധീകരിക്കുന്ന ഈ ഗ്രീക്ക് ദേവന്റെ കാലചക്രത്തിൽ നിർമ്മിതബുദ്ധി ഇടം നേടിയിരിക്കുന്നു.

സമൂഹത്തിന്റെ സമസ്തമേഖലകളിലും നിർമ്മിത ബുദ്ധിയുടെ സ്വാധീനം പരിവർത്തനങ്ങൾ ഉളവാക്കുന്നുണ്ട്. ഇന്ന് നമ്മുടെ സമൂഹത്തിൽ സംവാദങ്ങൾ ഉണർത്തുന്ന സാങ്കേതിക വിസ്മയമാണ് എ.ഐ. എന്നാൽ മനുഷ്യൻ അതിന്റെ സ്രഷ്ടാവാണ്. മനുഷ്യന്റെ ധൈഷണികതയാൽ രൂപപ്പെട്ട നിർമ്മിത ബുദ്ധിക്ക് അവന്റെ മഹത്വത്തെ മറികടക്കാനാവില്ല.

'AION' എന്ന മാഗസിൻ, ഈ ചിന്തയെ കേന്ദ്രമാക്കി വിദ്യാർത്ഥികൾ പങ്കുവച്ച സർഗ്ഗസൃഷ്ടികളുടെ ശേഖരമാണ്. മാറുന്ന കാലത്തെ മറയാത്ത പ്രതിഭാസമായി ഈ മാഗസിൻ മനുഷ്യന്റെ സൃഷ്ട്യുന്മുഖതയെ, നിർമ്മിതബുദ്ധിയെ അടയാളപ്പെടുത്തുന്നു.

സയന ഷെറീഫ്
സ്റ്റുഡന്റ് എഡിറ്റർ

AION : THE ETERNAL MOMENT

Aion is the ancient spirit of eternity, guardian of the boundless cycle that encircles the cosmos and the zodiac. His very name, drawn from the Hellenistic tongue means, "a long span of time". The time he embodies is eternal, unbroken, and ever-returning. In his presence, the future is the echo of the past, a rhythm of recurrence that binds all things. Aion is much more than a Greek deity, he is the essence of eternity itself.

We live in an age in which artificial intelligence compels us to question the very nature of human existence. Broadly defined, AI refers to the theory and development of computer systems capable of performing tasks that typically require human intelligence. At present, we stand at the stage of Artificial Narrow Intelligence (ANI), though early indications suggest gradual movement toward Artificial General Intelligence (AGI). The eventual emergence of Artificial Superintelligence (ASI), while still uncertain, is not beyond the realm of possibility. Such advancements open pathways to boundless opportunities, while simultaneously presenting profound risks and ethical challenges.

The era of Artificial Intelligence has seamlessly woven itself into Aion's eternal orb. His circular cosmic sphere, transcending the boundaries of time, now finds itself entwined with the grasp of AI. Chatbots have reached into diverse realms of human endeavor, yet the radiance of authentic human creativity continues to surpass the charm of machine-generated expression. The subtlety and allure of imagination remain beyond AI's ultimate reach. Afterall, AI is a creation born of human ingenuity. The age-old paradox of the chicken and the egg may linger, but one truth is undeniable: human intelligence is the precedent, the origin, and the source of Artificial Intelligence. This magazine is a testimony to the infinite possibilities of human perseverance and creative diligence.



Randanickal
AGENCIES

Near Police Station
Kuravilangad

9447288513, 9497799554
randanickalagencies@yahoo.in






Asian Paints Berger
Paint your imagination

എല്ലാവിധ ഇലക്ട്രിക് പ്ലംബിംഗ് സാധനങ്ങളുടെയും
BERGER PAINT കളുടെയും വിപുലമായ ശേഖരം

STANDARD | norwood SWITCHES & AUTOMATION | KOLORS make life better | legrand | hindware | RR KABEL

Crompton | orient electric | Finolex | POLYCAB Connection Zindagi Ka | HYCOUNT | Sintex




Randanickal
R DAZZLES
Callections





സെൻട്രൽ ജംഗ്ഷൻ, കുറവിലങ്ങാട്
ഫോൺ - 94472 88513

ലേഡീസ് ബാഗ്സ്, ഫുട്വെയേഴ്സ്, ഫാൻസി, ഗോൾഡ് കവറിങ്ങ് ഓർണമെന്റ്സ്,
ജന്റ്സ് ഫുട്വെയേഴ്സ്, ടോയിസ്, ഗിഫ്റ്റ്സ് തുടങ്ങിയവയുടെ ബൃഹത്തായ ശേഖരം









KURISINKAL STEELS

MUTTUCHIRA ,KOTTAYAM,KERALA

9061248800, 8086000282,9496344513

email- kurisinkalsteel@gmail.com

Authorized Dealer in

GI, Gp, Roofing Sheets, Polycarbonate sheet,
TATA Steel, TMT, Cement, V-Board

Manufactures Of

M.S Nail, Concrete Nail, M.S Plate, M.S Dummy, Fan Hook,Tmt Rings
M.S Odambals, Bush Pin, Sliding Gate Wheel, Lorry Hinges

TMT, V Board, Plywood, Mica, Lock and Hinges, Hob and Chimney
Sanitary items, Gypsum, Bathroom Door, Skin Doors, Weld Mesh



Authorized Dealer in







Njavallikunnel GROUP

COLOUR & STYLE

KURAVILANGADU

പെയിന്റുകളുടെ വിസ്മയ ലോകം

കളറാക്കാം.. കാലങ്ങളോളം..

UPTO 30% OFF ON ALL BRANDED PRODUCTS

NEROLAC PAINTS LIMITED · asianpaints · Berger · BIRLA opus · esdee paints · INDIGO · Pidilite · SYSKNIAC · DR FIXIT

SPECIAL RATE FOR
BUILDERS AND CONTRACTORS




NJAVALLIKUNNEL GROUP

Pala | Paika | Pallikathodu | Cherpunkal
Kuravilangadu | Thodupuzha

Kozha Jn, Kuravilangadu 996 113 9130

എന്നും 'അഭിമതിക്കെതിരെ'

– ഡോ. രാജു നാരായണസ്വാമി IAS



‘നിറവ് 2025’ – ന്റെ വേദിയിൽ ഡോ. രാജു നാരായണസ്വാമി ഐ.എ.എസുമായി വിദ്യാർത്ഥികൾ നടത്തിയ സംഭാഷണം.

കൃഷ്ണ സജീവൻ: ഒരു സിവിൽ സർവന്റിനെക്കൊണ്ട് മാത്രം ഇന്ത്യയെ മാറ്റാനാവില്ല എന്നൊരു പോപ്പുലർ നോഷനുണ്ടല്ലോ. ഇതിൽനിന്ന് എങ്ങനെയാണ് അങ്ങ് വ്യത്യസ്തമായി നിലകൊള്ളുന്നത്?

ഡോ. രാജു നാരായണസ്വാമി ഐ.എ.എസ് : പൗരബോധമുള്ള, അർപ്പണ മനോഭാവമുള്ള ഏതൊരു വ്യക്തിക്കും തന്റെ നാടിന്റെ ഭാവിഭാഗധേയം കരുപ്പിടിപ്പിക്കാൻ സാധിക്കും. ‘അണ്ണാൻ കുഞ്ഞും തന്നാലായത്’ എന്ന രീതിയിൽ ഏവർക്കും തങ്ങളുടെ ശ്രമങ്ങൾ നടത്താൻ കഴിയും എന്നാണ് എന്റെ ആത്മാർത്ഥമായ വിശ്വാസം. "We are drops in the ocean, but millions of drops do make an ocean." മാതൃരാജ്യത്തെ സേവിക്കാനുള്ള നിരവധി വഴികളിൽ കേവലം ഒന്നുമാത്രമാണ് സിവിൽ സർവീസ്. നാം പൊരുതി നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ ഗുണഫലങ്ങൾ ഈ നാട്ടിലെ സാധാരണക്കാരിലേക്ക് എത്തിക്കുക എന്നതാവണം ഒരു സിവിൽ സർവെന്റിന്റെ ആത്യന്തികമായ ലക്ഷ്യം. വികാരാവേശം വിവേകത്തിനും പ്രസംഗം പ്രവൃത്തിക്കും വഴിമാറി കൊടുക്കണം. മാത്രമല്ല നമ്മുടെ ഉദ്ദേശലക്ഷ്യങ്ങൾ നിസ്വാർത്ഥമായിരിക്കണം. രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി താങ്കൾക്കും എനിക്കും പ്രവർത്തിക്കുവാനാകട്ടെ എന്ന് ആശംസിക്കുന്നു.

ആദിത്യ രാമചന്ദ്രൻ : ഒരു അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ നടപ്പിലാക്കാൻ ഏറ്റവും ബുദ്ധിമുട്ടേറിയ പോളിസി ഏതായിരുന്നു?

ഡോ. രാജു നാരായണസ്വാമി ഐ.എ.എസ് : ഭരണം എന്നു പറയുന്നത് ഒരു സിവിൽ സർവന്റിന്റെ മാത്രം കർത്തവ്യമല്ല. വലിയൊരു യന്ത്രത്തിന്റെ ഭാഗം മാത്രമാണ് സിവിൽ സർവീസ്. പ്രതീകാത്മകമായ, സുതാര്യമായ, അഴിമതിരഹിതമായ ഒരു ഭരണം കാഴ്ച വയ്ക്കുക എന്നതാണ് ഏതൊരു സിവിൽ സർവന്റിന്റെയും ലക്ഷ്യം. ഇതിൽ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി തീർച്ചയായും കറപ്ഷൻ തന്നെയാണ്. The canker of corruption is unfortunately eating into the moral fabric of the society. Need based and greed based corruption has unfortunately become the order of the day- അതെ, ഇതൊരു സത്യമാണ്. അതിനെതിരെയുള്ള പടപൊരുതലിനെ, യുദ്ധത്തെ ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റുക. ഈ നാട്ടിലെ ആബാലവൃദ്ധം ജനങ്ങളെയും ആ പോരാട്ടത്തിലെ കണ്ണികളാക്കി മാറ്റുക. തീർച്ചയായും വളരെ ശ്രമകരമായ ഒരു ദൗത്യമാണിത്.

ജവഹർലാൽ നെഹ്റുവിന്റെ Trust with destiny എന്ന സ്പീച്ചാണ് ഇപ്പോൾ ഓർമ്മവരുന്നത്. "At the stroke of the midnight hour, when the world sleeps, India will awake to life and freedom. A moment comes, which comes rarely in history when we step out from the old to the new, when the soul of a nation, long suppressed, finds its utterance'. ഇന്ത്യ ഒരു സൂപ്പർ പവറാകാൻ തയ്യാറെടുക്കുന്ന ഈ മുഹൂർത്തത്തിൽ അഴിമതിക്കെതിരായ പോരാട്ടത്തിൽ നാം ഒരോരുത്തരും കണ്ണികളാകണമെന്നതാണ് എന്റെ എളിയ അഭിലാഷം.

കാർത്തിക പ്രവീൺ: സ്വകാര്യ സർവകലാശാലകളുടെകടന്നുവരവ്കേരളത്തിലുളവാക്കുന്ന ഗുണദോഷങ്ങൾ എന്തൊക്കെയാണ്? ഇത് വിദ്യാഭ്യാസത്തെ സാമ്പത്തികമായി ഉയർന്ന വിഭാഗത്തിന് മാത്രമുള്ള അവസരമാക്കി നിജപ്പെടുത്തുന്നില്ലേ?

ഡോ. രാജു നാരായണസ്വാമി ഐ.എ.എസ് : ഏതൊരു സർക്കാർ നയവും ഈ നാട്ടിലെ സാധാരണക്കാരനെ ലക്ഷ്യമിടുന്ന രീതിയിൽ പരിവർത്തനം ചെയ്യാൻ കഴിയും



എന്നാണ് ഞാൻ വിശ്വസിക്കുന്നത്. സ്വകാര്യ സർവകലാശാലകളുടെ കടന്നുവരവ് ഈ നാട്ടിലെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താനുള്ള ഒരു ഉപകരണമാക്കി മാറ്റേണ്ടിയിരിക്കുന്നു. നിങ്ങൾക്കറിയാം, ലോകത്തിലെ ഏറ്റവും പ്രശസ്തമായ സർവകലാശാലകൾ സ്വകാര്യമേഖലയിൽ ഉള്ളതാണ്. അവിടുത്തെ വിദ്യാഭ്യാസ സമ്പ്രദായവും വിദ്യാഭ്യാസ രീതിയും കേരളത്തിലെ വിദ്യാഭ്യാസ സംവിധാനത്തിലേക്ക് സന്നിവേശിപ്പിക്കാൻ കഴിഞ്ഞാൽ തീർച്ചയായിട്ടും ഗുണഫലങ്ങൾ ഉണ്ട്. ആ ഗുണഫലങ്ങൾ വർധിപ്പിച്ചുകൊണ്ട്, പ്രായോഗികമായ ഒരു വികസന പന്ഥാവ് വെട്ടിതെളിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസം നവോത്ഥാനത്തിനുള്ള ഒരു ഉപകരണമാണ്. Indian society was like a multi storeyed building with neither an elevator nor an escalator. പത്താം നിലയിൽ ജനിച്ചവർ പത്താം നിലയിൽ തന്നെ ജീവിക്കും, പത്താം നിലയിൽ തന്നെ മരിക്കും. രണ്ടാം നിലയിൽ ജനിച്ചവർ രണ്ടാം നിലയിൽ തന്നെ ജീവിക്കും, രണ്ടാം നിലയിൽ തന്നെ മരിക്കും. ഏറ്റവും താഴത്തെ നിലയിൽ ജനിച്ചവർ അവിടെത്തന്നെ ജീവിച്ചു മരിക്കും. അതായിരുന്നു ഇന്ത്യൻ സമൂഹത്തിന്റെ പ്രത്യേകത. ഒരു 'എലിവേറ്റർ' ആണ് നമുക്ക് ഭരണഘടന നൽകിയത്, "Article 14 - Right to equality". ഭരണഘടന മൂല്യങ്ങളെയും നവോത്ഥാന മൂല്യങ്ങളെയും മുറുകെ പിടിച്ചുകൊണ്ട്, 'growth with social justice', എന്ന ആത്യന്തിക മായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട്, സേവനം മുദ്രാവാക്യമായും ത്യാഗം ജീവിതമായും സ്വീകരിക്കുന്ന അഭ്യസ്തവിദ്യരായ നല്ലൊരു തലമുറയെ വാർത്തെടുക്കത്തക്കവണ്ണം ഭരണയന്ത്രത്തിന് രൂപവും ഭാവവും അർത്ഥവും വ്യാപ്തിയും നൽകുവാൻ ഇടയാകുമാറാകട്ടെ എന്ന് മാത്രം ആശംസിക്കുവാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

അലീന എലിസബത്ത് ജോയി : എൻജിനീയറിങ്ങിൽനിന്ന് സിവിൽ സർവീസിലേക്കുള്ള വഴിത്തിരിവ് എപ്രകാരമായിരുന്നു?

ഡോ. രാജു നാരായണസ്വാമി ഐ.എ.എസ് : നമുക്ക് എന്ത് വിദ്യാഭ്യാസം ലഭിച്ചാലും അത് എഞ്ചിനിയറിങ്ങ് ആയിക്കൊള്ളട്ടെ, പ്രൊഫഷണൽ വിദ്യാഭ്യാസമോ നിയമവിദ്യാദ്യാസമോ എന്തും ആയിക്കൊള്ളട്ടെ, അതിന്റെ പ്രയോജനം സമൂഹത്തിന് ലഭ്യമാക്കുന്ന ഒരു പ്രവൃത്തിപന്ഥാവ് തിരഞ്ഞെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു എഞ്ചിനീയർക്കും ഒരു ഡോക്ടർക്കും തീർച്ചയായും സമൂഹത്തിന് വലിയ സംഭാവനകൾ ചെയ്യാൻ കഴിയും. അതുപോലൊരു മേഖലയായി മാത്രമേ ഞാൻ സിവിൽ സർവീസിനെയും കാണുന്നുള്ളൂ. പക്ഷേ നിങ്ങൾ ചെയ്യേണ്ടത് മനസ്സുള്ള, മനസ്സാക്ഷിയുള്ള ഒരു തലമുറയുടെ പ്രതീകമായിത്തീരുക എന്നതാണ്. നിങ്ങൾ എഞ്ചിനീയറോ ഡോക്ടറോ നിയമജ്ഞനോ ഐ.എ.എസുകാരനോ ചാർട്ടേഡ് അക്കൗണ്ടന്റോ ആയിക്കൊള്ളട്ടെ, മനസ്സുള്ള മനസ്സാക്ഷിയുള്ള ഒരു തലമുറയിലെ ഭാഗമായി നിങ്ങൾക്ക് തീരാൻ കഴിയുമെങ്കിൽ നിങ്ങളുടെ ജീവിതദൗത്യം സാക്ഷാത്കരിക്കപ്പെട്ടു എന്ന് നിസ്സംശയം പറയാനാകും. എന്താണ് മനസ്സാക്ഷി?

''അപ്പരബ്രഹ്മം താൻ ഞാനെന്നു കൂറുന്നു
രാപ്പകലെന്നോടെന്നന്തര്യാമി''

അതാണ് മനസ്സാക്ഷി.

''കാലമായ് കാലമായ് കാതരരാമിവർ
കാത്തിരുന്നീടുന്നു കന്മതിൽക്കപ്പുറം
മായാകുമാരക പോരുക തേടുവാൻ
മായക്കതീതമജ്ഞാതമാം ശാന്തി''

അതാണ് മനസ്സ്. മനസ്സുള്ള, മനസ്സാക്ഷിയുള്ള, മണ്ണിന്റെ മക്കളെ സ്നേഹിക്കുന്ന, അവർക്ക് വേണ്ടി നാലു കാര്യങ്ങൾ ചെയ്യണമെന്ന് അദമ്യമായ അഭിവാഞ്ഛയുള്ള, അഭിനിവേശമുള്ള ഒരു തലമുറയുടെ പ്രതീകമായി നിങ്ങൾക്ക് തീരാൻ കഴിയുമെങ്കിൽ അത് മെഡിസിൻ ആയിക്കൊള്ളട്ടെ, എൻജിനീയറിങ് ആയിക്കൊള്ളട്ടെ, സിവിൽ സർവീസ് ആയിക്കൊള്ളട്ടെ, നിങ്ങളുടെ ജീവിതം ലക്ഷ്യം കൈവരിച്ചുവെന്ന് ഞാൻ വിശ്വസിക്കും.

ആയിഷ എ. : സാറിന്റെ സർവീസ് ജീവിതത്തിൽ ഏറ്റവും സുഗമമായി തോന്നിയ കാലഘട്ടം ഏതായിരുന്നു?

ഡോ. രാജു നാരായണസ്വാമി ഐ.എ.എസ് : "The woods are lovely dark and deep, but I have promises to keep and miles to go before I sleep." There are no roses without thorns. ജീവിതം സുഖദുഃഖസമ്മിശ്രമാണ്. സുഖങ്ങളിൽ അമിതമായി ഊറ്റം കൊള്ളാതിരിക്കുക. ദുഃഖങ്ങളിൽ അമിതമായി ദുഃഖിക്കാതിരിക്കുക. അതാണ് ജീവിതത്തിന്റെ വിജയരഹസ്യം. ജീവിതം ആഴി പോലെ അനന്തമാണ്. അതിൽനിന്ന് ഓരോരുത്തർക്കും ലഭിക്കുന്നത് ഒരു കൈക്കുമ്പിൾ ജലം മാത്രമാണ്. ദുർഘടമായ അവസരങ്ങളിൽ നമുക്ക് താങ്ങും തണലുമായി നിൽക്കേണ്ടത് ഈശ്വരഭക്തിയാണ്, ആത്മീയതയാണ്, ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസമാണ്.

''സുഖത്തിലുണ്ടാം സഖിമാരനേകം

ദുഃഖം വരുമ്പോൾ പുനരാരുമില്ല'' സത്യമാണത്.

''ഖഗങ്ങൾ മാവിൽ പെരുകും വസന്തേ

വരാ ശരത്തിങ്കലതൊന്നുപോലും''.

അത് പ്രകൃതിയുടെ നിയമമാണ്. അതുകൊണ്ട് സുഖം മാത്രമായി നമുക്ക് ഒരു ജീവിതം ഇല്ല. അത് പ്രകൃതി നിയമമാണ്. ദുഃഖം മാത്രമായിട്ടും ഒരു ജീവിതം ഇല്ല. എല്ലാം പരമകാരുണികനിൽ അർപ്പിച്ച്, സത്യത്തിന്റെ പാതയിൽ ചരിക്കുക.

ഗൗതം കൃഷ്ണ: 'ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ്' എന്ന ആശയം ഇന്ത്യൻ ഫെഡറൽ വ്യവസ്ഥയെ എങ്ങനെയെല്ലാമായിരിക്കും സ്വാധീനിക്കുക?

ഡോ. രാജു നാരായണസ്വാമി ഐ.എ.എസ് : 'ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ്' എന്നതിന്റെ ഗുണങ്ങളും ദോഷങ്ങളും അടങ്ങുന്ന ഒരു ലേഖനത്തിന്റെ പണിപ്പുരയിലാണ് ഞാൻ. മുപ്പത്തിയെട്ട് തിരഞ്ഞെടുപ്പുകൾ നിരീക്ഷിക്കാനുള്ള ഭാഗ്യം ലഭിച്ച ഒരു വ്യക്തിയാണ് ഞാൻ. അതിന്റെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഒരു ലേഖനം ഞാൻ എഴുതുന്നുണ്ട്. അത് അധികം താമസമില്ലാതെ ഒരു ലോ ജേണലിൽ പ്രസിദ്ധീകരിക്കാനുള്ള ചട്ടവട്ടങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

റോസ്മെറിൻ ജോജോ : അഡ്മിനിസ്ട്രേഷൻ രംഗത്ത് റിലീജിയസ് പോളറൈസേഷൻ നടക്കുന്നതായി കേൾക്കുന്നുണ്ട്. ഇതിനെക്കുറിച്ചുള്ള സാറിന്റെ അഭിപ്രായം എന്താണ് ?

ഡോ. രാജു നാരായണസ്വാമി ഐ.എ.എസ് : ഭാരതം ഒരു മതേതര രാജ്യമാണ്. Secularism is a part of the basic structure of the Indian Constitution. നമ്മുടെ ഭരണഘടനയിൽ നോക്കിയാലറിയാം, Religion has nowhere been defined in the Indian Constitution. Supreme court has defined it broadly and whatever the supreme court says is the law of the land. സെക്കുലറിസം ഇന്ത്യൻ ജനാധിപത്യത്തിന്റെ മുഖമുദ്രയാണ്. ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 15, Individual right - Article 25-1, Collective right- Article 26, ജസിയ പാടില്ലെന്ന Article 27, Educational cultural rights of minorities - Article 29-30, ഇതുമായി ബന്ധപ്പെട്ട ഹിസ്റ്റോറിക്കൽ ജഡ്ജ്മെന്റ്സ്, ആനന്ദ മാർഗി കേസ് മുതൽ യഹോവ വിറ്റ്നസ്സ് കേസ് വരെയുള്ള നിരവധി ജഡ്ജ്മെന്റുകൾ - ഞാൻ പറഞ്ഞുവന്നത്, മഹാനായ ഡോ. ബി. ആർ. അംബേദ്കർ കോൺസ്റ്റിറ്റ്വെന്റ് അസംബ്ലിയിൽ പ്രസംഗിച്ചപ്പോൾ ഒരു ചോദ്യം തന്നോടുതന്നെ ചോദിക്കുകയുണ്ടായി: ഇന്ത്യൻ ജനാധിപത്യം നിലനിൽക്കുമോ? ഇന്ത്യ വീണ്ടും പാരതന്ത്ര്യത്തിന്റെ ചങ്ങലകളിൽപെടുമോ? അതിന് അദ്ദേഹംതന്നെ മറുപടിയും പറഞ്ഞു: It depends on whether we place the state above the religion or whether we place religion above the state. അലിഗഡ് യൂണിവേഴ്സിറ്റി ജഡ്ജ്മെന്റ് വന്നിട്ട് ഏതാനും ആഴ്ചകളേ ആയിട്ടുള്ളൂ. വളരെ ഹിസ്റ്റോറിക്കലായ ജഡ്ജ്മെന്റാണ് അത്. Protecting the rights of minorities. ഞാൻ പറഞ്ഞുവന്നത്, സെക്കുലറിസത്തെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കാനുള്ള ഉത്തരവാദിത്തം നമുക്ക് ഓരോരുത്തർക്കുമുണ്ട്. ജനാധിപത്യവും മതേതരത്വവും നേരിടുന്ന ഏത് വെല്ലുവിളിയെയും ചെറുത്തു തോൽപ്പിക്കാനുള്ള കരുത്തും കഴിവും നമ്മുടെ യുവതലമുറയ്ക്കുണ്ട്. Let the young generation live up to the challenge.

''എന്തിന്നു ഭാരതധരേ! കരയുന്നു? പാര-

തന്ത്ര്യം നിനക്കു വിധികല്പിതമാണു തായേ''

എന്നാണ് കുമാരനാശാൻ പറഞ്ഞത്. ആ ഒരവസ്ഥയിലേക്ക് നാം മടങ്ങിപ്പോകാതിരിക്കണമെങ്കിൽ ന്യൂന പക്ഷാവകാശങ്ങളെ സംരക്ഷിക്കേണ്ടിയിരിക്കുന്നു, ഇന്ത്യൻ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ മുഖമുദ്ര എന്താണെന്ന് ചോദിച്ചാൽ അത് മനുഷ്യസ്നേഹമാണ്, സഹിഷ്ണുതയാണ്, മാനവികതയാണ്.

''സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ

സ്നേഹിച്ചിടാത്തൊരാ തത്ത്വശാസ്ത്രത്തെയും''

ഇതാണ് ഇന്ത്യൻ തത്വചിന്ത, ഇതാണ് സനാതനധർമ്മം.

''സ്നേഹിക്കയുണ്ണീ നീ നിന്നെ ദ്രോഹിക്കുന്ന ജനത്തെയും''

മനുഷ്യസ്നേഹത്തിന്റെ മലർവാടിയായി ഇന്ത്യൻ റിപ്പബ്ലിക്കിനെ മാറ്റിയെടുക്കാൻ താങ്കൾക്കും താങ്കളുടേതായ സംഭാവനകൾ ചെയ്യാൻ ഇടയാകുമാറാകട്ടെ എന്നുമാത്രം ആശിക്കുന്നു, പ്രാർത്ഥിക്കുന്നു.

അനുപ്രിയ ജോജോ: നിലവിലുള്ള സംവരണസമ്പ്രദായപ്രകാരം അർഹതയുള്ളവർക്ക് അവസരം നിഷേധിക്കപ്പെടുകയും അത് ഗുണനിലവാരത്തെ ബാധിക്കുകയും ചെയ്യുന്നില്ലേ?

ഡോ. രാജു നാരായണസ്വാമി ഐ.എ.എസ് : നവോത്ഥാനപാതയിലെ നാഴികക്കല്ലാണ് ഇന്ത്യൻ ഭരണഘടന. വിദ്യാഭ്യാസം ഒരുകാലത്ത് നിഷേധിക്കപ്പെട്ടിരുന്ന ഒരു സമൂഹത്തിന് വിദ്യകൊണ്ട് പ്രബുദ്ധരാകുവാനുള്ള അവസരം ഒരുക്കിക്കൊടുത്തത് ഇന്ത്യൻ ഭരണഘടനയാണ്.

''ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും

സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്''

ഈ നാട്ടിൽ ഒരുകാലത്ത് ജുഗുപ്സാവഹമായ ഒരു ജാതിവ്യവസ്ഥ നിലനിന്നിരുന്നു.

''തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ

ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ

കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ

യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ''

'ചണ്ഡാലഭിക്ഷുകി'യിലെ



''ജാതി ചോദിക്കുന്നില്ല ഞാൻ സോദരി

ചോദിക്കുന്നു നീർനാവുവരണ്ടഹോ

ഭീതിവേണ്ടാ; തരികതെനിക്കു നീ''

എന്നുടനെ കരപുടം നീട്ടിനാൻ

ചെന്നളിനമനോഹരം സുന്ദരൻ

പിന്നെത്തർക്കം പറഞ്ഞില്ലയോമലാൾ;

തനിയാണവൾ കല്ലല്ലിരുമ്പല്ല!' എന്ന നിശ്ശബ്ദമായ വിപ്ലവത്തിന്റെ വരികൾ ഞാൻ ഓർത്തു പോകുകയാണ്.

''നരന് നരൻ അശുദ്ധവസ്തു പോലും

ധരയിൽ നടപ്പത് തീണ്ടലാണ് പോലും''എന്ന കുമാരനാശാന്റെ വരികൾ ഓർമ്മയിലേക്ക് വരുന്നു.

''ചണ്ഡാലിതന്മെയ് ദ്വിജന്റെ-ബീജ-

പിണ്ഡത്തിനൂഷരമാണോ?'' എന്നുപോലും അദ്ദേഹത്തിന് ചോദിക്കേണ്ടിവന്നു. There can be no growth without social justice. വികസനവും സാമൂഹികനീതിയും കൈകോർത്തുപിടിച്ച് ആനന്ദനടനം ചെയ്യുന്ന മഹത്തായ ഒരു ജനാധിപത്യവ്യവസ്ഥയാണ് നമ്മുടെ ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്നത്. ആ ഭരണഘടന നിലവിൽ വന്നിട്ട് 75 വർഷങ്ങൾ കടന്നുപോയിരിക്കുന്നു.

''ഭാരതമദഗജം ചങ്ങല പൊട്ടിച്ചതു

പാരിനെച്ചതച്ചുകൊണ്ടങ്ങിങ്ങു പായാ'' നല്ല, പിന്നെന്തിനാണ്?..

''വാരിയിൽ വീഴിക്കപ്പെട്ടുഴലും തൻ കൂട്ടരെ

ചേണുറ്റ തുമ്പിക്കൈയാൽ പിടിച്ചുപൊക്കാനത്രേ''

ഇങ്ങനെ വാരിയിൽ വീഴിക്കപ്പെട്ട് ഉഴലുന്ന മർത്യരെ, ചേണുറ്റ തുമ്പിക്കൈയ്യാൽ പിടിച്ചുപൊക്കാനായി ഒരു ആയുധമായി നമ്മുടെ ഭരണഘടനയെ മാറ്റേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യം പൂർത്തീകരിച്ചാൽ മാത്രമേ ഗ്രോത്ത് വിത്ത് സോഷ്യൽ ജസ്റ്റിസ് എന്ന മഹത്തായ ആശയത്തിലേക്ക് നമുക്ക് എത്താൻ കഴിയൂ.

ജോസിയസ് ജോസ്: സർ, വിദ്യാർത്ഥികളെ എങ്ങനെ രാഷ്ട്രനിർമ്മാണത്തിൽ പങ്കാളികളാക്കാം?

ഡോ. രാജു നാരായണസ്വാമി ഐ.എ.എസ് : ഒരു വിദ്യാർത്ഥിക്ക് രാഷ്ട്രനിർമ്മാണപ്രക്രിയയിൽ പങ്കാളിയാകാൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ ആർക്കാണ് അതിന് സാധിക്കുക?

Make the best use of your educational phase in the interest of your parents, your family, society and the nation. രാഷ്ട്രനിർമ്മാണം എന്ന മഹത്തായ ആശയത്തിന് ശക്തിപകരുന്ന ആയുധം മാത്രമാണ് വിദ്യാഭ്യാസം. അതിനെ പൂർണ്ണമായും സ്വാംശീകരിക്കുകയും നന്മയ്ക്കുവേണ്ടി മാത്രം വിനിയോഗിക്കുകയും ചെയ്യുക.

'അനന്തമജ്ഞാതമവർണനീയമീ ലോകഗോളം തിരിയുന്ന മാർഗം അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു നോക്കുന്ന മർത്യൻ കഥയെന്തു കണ്ടു?' എന്ന കവിവാക്യം സമർത്ഥിക്കുന്നത് പോലെ, 'കഥ' അറിയുന്ന മാനുഷൻ, അത് സമൂഹത്തിന്റെ അഭിവൃദ്ധിക്കുകൂടി ഉപയോഗിക്കാൻ പ്രാപ്തൻ/പ്രാപ്തയാകണം. എല്ലാ കുഞ്ഞുങ്ങളും പ്രതിഭകളാണ്. ശ്രീ രവിശങ്കർ പറയുന്നതു പോലെ:

"Look at children as packed gifts.Go beyond the wrapper. Some boxes may be filled with candies, some boxes may be filled with firecrackers, but no box is empty. Every child is a precious gift."

'വാനമേ ഗഗനമേ വ്യോമമേ സുരസിദ്ധ

സ്ഥാനമേ വിഹായസ്സേ നഭസ്സേ നമസ്കാരം,

ചന്ദ്രാർക്കരാകും വെൺചെന്താമരപ്പൂക്കളും

സുന്ദരതാരങ്ങളാം നെയ്തലാമ്പലുകളും

വിരിഞ്ഞുപൊന്തും മഹാവിസ്തീർണ്ണ തടാകം നീ

ഗരുഡ തങ്കക്കപ്പൽ ചരിക്കും സമുദ്രം നീ..'

എന്ന കവി വചനത്തെ അന്വർത്ഥമാക്കിക്കൊണ്ട് ഓരോ കുട്ടിയിലും ഒളിഞ്ഞിരിക്കുന്ന പ്രതിഭ ചിറകു വിടർത്തി വാനോളം പറന്നുയരട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി ആശംസിക്കുന്നു.

ARTIFICIAL INTELLIGENCE: A NEW EDGE OF CULTURAL SURVIVAL

Aswathy Mani
Research Scholar in English



Artificial Intelligence has not just felt as a technical breakthough, but a cultural revolution that is already altering the ways we think, create, and even communicate with one another. In the past, innovations like the printing press or the internet were once markers of deep human change. Today, AI has taken up this role in history, becoming an unseen but persistent author of our times.

What makes this wave unique is its ability to imitate human thought and action, forcing a society-wide negotiation: between trust and fear, between convenience and identity. People often imagine AI as futuristic, but truth is that it is here and quietly redrawing the canvas beneath our feet.

Language and Communication

One of the most striking cultural changes that artificial intelligence has brought about is shaping the path of language circulation. From chatbots handling routine service talks to translation systems that bridge voices across nations, machines are slowly easing the boundaries of communication.

In colleges and workplaces, people often rely on grammar assistants or AI summarizers almost without reflecting that this continous outsourcing reshapes their expressions. Certainly, this can improve clarity, but it slowly begin to feel crafted by similar hands of algorithms. At the same time, multilingual communication is easier, allowing more inclusion across nations than before. AI makes English and other languages less isolated, making even marginal speakers more confident. Yet, the risk is that natural mistakes and quirks that once reflected individuality might vanish under the machine polish.

Work and Human Identity

Cultural values bound to labor are also in deep transition with AI's rise. Work has long shaped how people view dignity and purpose: the craftsman found meaning in hand skill, the office worker in cognitive focus. But AI now performs coding, design prototypes, even writing, and this unsettles the old definitions of "human role."

Societies increasingly debate whether productivity should be measured by human effort or by machine-aided output. Ironically, while AI liberates from repetition, it also threatens to displace. This creates uneasiness: is identity shifting from what we produce to what we choose not to automate? Some celebrate this as cultural progress into creativity, while others fear it erodes

pride in labor. Work is not only economic—it is social culture, and AI shakes its pillars in a strong way.

Creativity and the Arts

The arts are another field facing massive re-drawing. AI generates music, stories, even paintings that can move audiences almost as much as human pieces. Cultural skepticism, however, persists: can something made by lines of code carry the soul of lived experience? Yet, whether authentic or not, audiences are consuming AI-crafted novels, media articles, and images with curiosity. This signals that the meaning of "art" may expand, not diminish. Instead of treating AI as rival, many artists adopt it as collaborator: painters use algorithmic styles to layer textures, writers employ AI to brainstorm unfamiliar voices. Still, there runs a risk that corporate-driven aesthetics end up replacing the local and traditional arts. The contest is cultural: do we defend the musician in a small town, or embrace the quick tune composed in silicon seconds? This struggle marks a new edge of cultural survival.

Human Relationships and Trust

Less visible, but culturally massive, is how AI reforms intimacy and trust between people. Algorithms now suggest friends, matches, conversations, even emotional support through "companions" powered by large models. Some teenagers and lonely individuals already rely on AI "friends" more than on humans.

The cultural cost is uncertain here. On the one hand, companionship that fills emptiness may reduce suffering; on the other, dependency upon non-human voices risks deep isolation. Human relationships always drew authenticity from flawed exchanges - pauses, silence, misunderstanding. AI makes smooth patterns that feel comforting, but may erode the messiness that love and friendship depend upon. The cultural story of trust is being altered without full consensus, and across generations, people disagree on whether this is harm or healing.

Education and Knowledge Systems

AI tutors and classroom assistants are omnipresent nowadays, enhancing personal learning and thereby break the rigid pace of old classrooms. Students in rural zones can now access world-level teachings without stepping outside. But teachers worry: is memorization dying when answers come instantly?

Education was always a cultural process too, rooted in shared classrooms, chalkboards, human authority. AI lessons counter making knowledge an isolated, private journey, tailored by invisible systems rather than collective discovery. The change is not only technological - it is cultural, because the way a society passes down learning shapes the soul of its future citizens.

The cultural changes brought by AI are neither simple advances nor total losses, but rather tensions opening at every corner of life. From how we speak to how we craft art, from the way we work to how we connect emotionally, in each and every realm of our lives, AI has already entered as a participant in our culture. It is not acting now as a mere tool, but tries to humanize itself by learning our voices, even while de-humanizing some parts of social life by smoothing them out too much. What is needed now is cultural mindfulness: not only engineering AI responsibly, but also recognizing what parts of human error, slowness, and imperfection we must protect. Because in those unpolished fragments- mistakes, silences, originality - rests the core of what makes societies human at all.



TRUST THE EXPERTS

car line
AUTOMOBILES
Kuravilangad

MULTIBRAND CAR WORKSHOP & BODY SHOP

24×7 ROAD ASSISTANCE - PICK UP AND DROP - DOOR STEP SERVICES

Contact - 70343 29660, 70343 29645

കേരളം
തമിഴ്നാട്
കർണ്ണാടക
തെലുങ്കാന
ആന്ധ്രാപ്രദേശ്



BSc NURSING / BPT/MBBS/ENGG:
പാരാമെഡിക്കൽ കോഴ്സുകൾ

അഡ്മിഷൻ
മെഡിക്കൽ കോളേജുകളിൽ.

MBBS | BDS | BHMS | BAMS

BNYS (Future Course) | BBA AVIATION | BSC NURSING (7.5 LAKH ONWARDS)

PERFUSION, DIALYSIS, MLT,OT, OPTOMETRY, BASLP, MHA, RADIOGRAPHY, RESPIRATORY ANESTHESIA, RADIOTHERAPY CARDIAC, MSW, BPT, BOT, FORENSIC SCIENCE B.Pharm & Phram D, BPO,IMAGING..etc

MAXZONE STUDYCARE LLP
We Accelerate Your Career
Domestic & International Admissions

GNM with Post BSc


അഗ്രിക്കൾച്ചർ (ICAR)

വിശദ വിവരങ്ങൾക്ക്

കുറവിലങ്ങാട്

6238525220 | 9400964272

*Terms &conditions apply



TRENDS KURAVILANGAD

Contact: 9778823463



പെരുന്നാഴുത്ത്



Reshma Jose
Research Scholar
Department of English

നാളത്തെ ദോശയ്ക്കുള്ളോരുഴുന്നുമരിയും
കരകര നിലവിളിച്ചരക്കുന്ന മിക്സിക്കലമ്പലിലാണ്
കവിതയുടെ ആദ്യവരി ഉള്ളിൽ തിങ്ങി തെറിക്കാനൊരുങ്ങിയത്.
മാവ് തുളുമ്പാതെ ജാറടപ്പ് ഞെക്കിപ്പിടിച്ചതുപോലെ
എഴുത്തോർമ്മയെ അകത്തടച്ചു.
പിന്നീടാവട്ടെ പിന്നീടാവട്ടെ..

വെള്ളിനൂലുള്ള പ്ലാസ്റ്റിക് കഷ്ണം വച്ച്
എച്ചിൽപാത്രം തേച്ചുരക്കുമ്പോൾ
കഥയിലെ രണ്ടാള് കയ്യിൽവന്ന് തീണ്ടി.
സോപ്പുപത ഒഴുക്കിവിട്ട കൂടെ അവരേയും
സിങ്കിന്റെ പാതാളക്കുഴിയിലേക്കൊഴുക്കി.
പിന്നീടാവട്ടെ പിന്നീടാവട്ടെ..

കഞ്ഞിക്കലത്തിൽ ഉപ്പ് തൂവുമ്പോ
ഗുളു ഗുളു തിളയ്ക്കുന്ന വെള്ളപ്പൊങ്ങലിൽ
എഴുതാത്ത കവിത വന്നെത്തിനോക്കി.
തവിയിളക്കത്തിൽ കുമിള പൊട്ടിച്ച്
ഒച്ചയില്ലാതെ പിറുപിറുത്തു.
പിന്നീടാവട്ടെ പിന്നീടാവട്ടെ..

അലമാരപ്പുസ്തകത്തിലെ മാറാല തൂക്കുമ്പോ
എഴുതാത്ത നോവലിന്റെ ഓർമപ്പൊടി തേട്ടി കണ്ണ് കലങ്ങി.
കരയാനാവാത്ത സങ്കടം തുമ്മിത്തെറിപ്പിച്ച്
വലയില്ലാതെ നിലതെറ്റി ഓടിയ എട്ടുകാലിയോട് പറഞ്ഞു.
പിന്നീടാവട്ടെ പിന്നീടാവട്ടെ..

പനിച്ചൂടിൽ കരഞ്ഞുറങ്ങുന്ന കുഞ്ഞിന്റെ നെറ്റിയിൽ
തുണി നനച്ചിട്ടൊറ്റയ്ക്കുണർന്നിരുന്ന രാത്രിയിൽ,
പുറത്തിരുട്ടിൽ മിന്നാമിന്നിത്തെളിച്ചങ്ങളായി
എഴുതാത്തക്ഷരങ്ങൾ. ജനാല ചാരിയിട്ടു.
പിന്നീടാവട്ടെ പിന്നീടാവട്ടെ..

ഒടുക്കം, ദോശമാവ് പുളിക്കാതെയും
പാത്രങ്ങളിലെ കറ മായാതെയും
ചോറിലുപ്പു കൂടിപ്പോവുകയും
മകൻ വളർന്നന്യനായ് പറന്നു പോവുകയും
മറവിരോഗത്തിലാണ്ടു പോയവൾ
പകലുമിരുളുമറിയാതെ ചുവരിലും നിലത്തും
കടലാസുതുണ്ടിലും എഴുതിക്കൂട്ടുകയും..

NATIONAL EDUCATION POLICY - 2020 : A STEP TOWARDS HOLISTIC DEVELOPMENT OF STUDENTS



Karthika Praveen
II DC English

"A Jack of all trades is a master of none, but oftentimes better than a master of one," With no offence to Shakespeare, let me add that a Jack of all trades can be a master of one along with being absolutely better than a master of one. But how? Holistic Education is the only answer to that. Being an exceptional violinist, music played an unparalleled role in helping Albert Einstein in calming his mind and adding new dimensions to critical thinking. Steve Jobs gives all the credit for the beautiful calligraphy in the first Macintosh computer to a calligraphy class he took. With an aim to inculcate holistic development in students, NEP 2020 finally got implemented during the academic year of 2023-24. "Too late" would be inadequate to describe the delay taken to furnish the third NEP. In this rapidly evolving world, decades of delay in revamping the education system can lead to centuries of lag in a nation's development. NEP 1968 targeted a common schooling system, whereas NEP 1986 emphasized on expanding access to education. But NEP 2020 is a breath of fresh air as it strives to bring sweeping changes like 5+3+3+4 curricular structure, emphasis on early childhood education, vocational training, and flexibility in higher education.

If the replacement of 10+2 system succeeds, schools will literally become the "second home" of students. A child would never hesitate to ask questions to a teacher who would never destroy her budding curiosity. "Science is everything" mindset would be shattered by educating the students with a wide array of possibilities in arts, humanities, vocational courses, finance and sports. After kindergarten, Primary education and middle school, she would be never tortured by the sharp trisection of arts, science and commerce. Without any toxic division, she can opt for the subjects of her choice due the course structure's flexibility. Pessimists would never stop asking, "Isn't that Utopian and impractical"? The moment the government and society stop viewing it as just a long wish- list, Utopia can be brought to the education scenario.

The FYUGP 2024 reminds us of the inter-relation between two seemingly different subjects which we often ignore, by encouraging multidisciplinary studies. This can gradually reduce the society's monomaniacal cult for specific subjects. As boundaries between various subjects blur, students would learn to respect the significance of several underestimated subjects. Higher education turns into a personalized and colorful platter to suit an individual's unique caliber. We no longer live under British rule where education acted as a means of producing monotonous clerks to cater to institutional requirements. What the modern India needs is a vibrant set of youth, skilled in numerous and diverse fields. The multiple entry and exit options of FYUGP is a blessing to the students who are unable to follow a continuous academic journey. Students will become more pragmatic by following the credit based marking system which includes teaching and field works/practicals. The option to transfer from one college/course to another is a bonus.

Even if India is one of the world's fastest developing nations, the lack of adequate infrastructure, digital divide, and the lack of qualified educators become a huge blow for the victorious implementation of NEP 2020. The policy states that the government aims to spend 6% of GDP to the education sector. 4% is the current spending. Without adequate financial aids, a dream would remain a mere delusion. More than half of the crisis can be solved if teaching is not considered as any work but a passionate endeavor in which only dedicated and genuine candidates are accepted. Many children undergo mental health issues due to the traumas inflicted upon them by the educators whose actual duty is to nurture the students. The revocation of no-detention policy for classes 5-8 under from 2024, paves a path for children to deal with failure in a healthy manner and retake exams. Without reasonable failures, a child can never accept failure and can take harsh steps if she fails in future life. Suicides after entrance exam result announcements can be avoided if they are trained to accept and overcome failure in early life.

It's not "education system" anymore, but "education eco-system". Social media, teachers, parents, relatives, government, the school/college management, etc... influence (at times interfere), the decision made by students. The success of NEP 2020 lies where a student can confidently choose an unconventional course without feeling guilt trapped. As long as students are imprisoned under entrance exams, rote learning, conformation bias and ambiguity effect, no significant changes can be made. Even the highly glorified STEM graduates lack basic professional skills due to rote learning. Our nation is in desperate need of well-rounded citizens with civic sense, knowledge and exceptional skills, not programmed robots assigned to perform particular functions. Responsible Indian adults can be molded when NEP 2020 grows out of it's infancy stage and becomes a full- fledged adult first.

കൊച്ചിൻ സ്റ്റീൽസ് & സിമന്റ്സ്

സിവിൽ സ്റ്റേഷന് സമീപം, കോഴാ, കുറവിലങ്ങാട്

ഫോൺ : 04822 232659, 9447614252, 9447213009

TATA TISCON

METCON

JSW Steel

TATA STRUCTURA STEEL HOLLOW SECTIONS THE SHAPE OF THINGS TO COME

UltraTech CEMENT The Engineer's Choice

RAMCO SUPERGRADE As strong as family bonds.

JSW Cement

സിമന്റ്, സ്റ്റീൽ, മറ്റ് കെട്ടിട നിർമ്മാണ സാമഗ്രികൾ

മിതമായ വിലയ്ക്ക് ലഭിക്കുന്നു

പോസിറ്റീവ് വൈബ്സ് ഒൺലി..!



വിവേക് വി. നായർ
III BA Malayalam

പ്രശസ്ത അമേരിക്കൻ സാഹിത്യകാരനായ സ്റ്റീഫൻ എഡ്വിൻ കിങ് ഒരിക്കൽ ഇങ്ങനെ പറയുകയുണ്ടായി. 'പുസ്തകങ്ങൾ അതുല്യമായ ഭാവന, സൗഹൃദം, അതിജീവനം എന്നിവയുടെ വാഗ്ദത്ത ഭൂമിയാണ്. അവ അറിവിന്റെയും വ്യക്തിഗത വളർച്ചയുടെയും ഉറവിടമാണ്. എണ്ണമറ്റ വിധങ്ങളിൽ ജീവിതത്തെ അത് സമ്പന്നമാക്കുന്നു.' വാസ്തവത്തിൽ ദേവമാതാ കോളേജ് ഒരു പുസ്തകമാണ്. നിരവധി അദ്ധ്യായങ്ങൾ അടങ്ങിയ മഹനീയ ഗ്രന്ഥം. ആ അദ്ധ്യായങ്ങളിലൂടെ ഊളിയിട്ടിറങ്ങി മണവും മമതയും നുകർന്ന്, അതിലൊരു പുസ്തകത്താളിൽ ഇടം പിടിക്കാൻ സാധിച്ച ഒരുവന്റെ ഓർമ്മ പുതുക്കലാണിത്.

കുറവിലങ്ങാട് മുത്തിയമ്മയുടെ കൃപാകടാക്ഷങ്ങളാൽ ധന്യമായ ഈ കലാലയം ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രൗഢോജ്ജ്വലമായ സ്ഥാനം വഹിക്കുന്നു. മികവിലും തികവിലും മാറ്റ് കുറയാതെ ശോഭിക്കുന്ന ഈ കലാലയത്തിലെ വിദ്യാർത്ഥിയായിരുന്നതിൽ എന്നും അഭിമാനിക്കുന്നു. ഒരുപാട് ഓർമ്മകളുമായി പടിയിറങ്ങുന്ന ഈ വർഷത്തിൽ, പിന്നിട്ട കാലയളവിലേക്ക് ഒരു തിരനോട്ടം നടത്തുവാനുദ്ദേശിക്കുന്നു.

സാഹിത്യാഭിരുചി മനസ്സാ വഹിച്ച് 2022 ഓഗസ്റ്റ് മാസത്തിൽ മലയാളവിഭാഗത്തിൽ പ്രവേശനം നേടവേ തെല്ല് ഭയവും സമ്മർദ്ദവുമുണ്ടായിരുന്നു. പക്ഷേ, ആശ്വാസദായകമായ

ഗൃഹാന്തരീക്ഷമാണ് ദേവമാതയിൽ പരിലസിക്കുന്നത്.

മമ്മൂട്ടിയുടെയും ലതാ മങ്കേഷ്ക്കറിന്റെയും പദ്മാ സുബ്രഹ്മണ്യത്തിന്റെയും അടൂർ ഗോപാലകൃഷ്ണന്റെയും പരിവേഷമണിഞ്ഞ് വിദ്യയുടെ പ്രകാശം ചൊരിഞ്ഞ അദ്ധ്യാപകർ...

സിനിമാനടനും റീൽസ് റാണിയും ടീച്ചറമ്മയും മിമിക്രി ആർട്ടിസ്റ്റും ഫുട്ബോൾ താരവും പുസ്തകപ്പുഴുവും നാടൻപ്പാട്ട് ഫെയിമും ബ്യൂട്ടീഷൻ കീനും കലിപ്പനും കാന്താരിയും സമ്മേളിതരായ ക്ലാസ്സ്....

ആരവവും ആമോദവും നിറഞ്ഞ ക്ലാസ്സിനെ വാത്സല്യത്തോടെ നയിച്ച ഒരു അമ്മ മനസ്സ്....

ഇതരവകുപ്പുകളിലേയ്ക്കും സമൂഹത്തിലേക്കുമുള്ള പന്ഥാവൊരുക്കിയ എൻ. എസ്. എസ് യൂണിറ്റ്....

പത്തായം, ലതികം, കേരളോത്സവം, പുസ്തകോത്സവം, ചിലമ്പ്, നിറവ്.... തുടങ്ങിയ കലാസാംസ്കാരിക പരിപാടികൾ...

യൂണിയന്റെ നേതൃത്വത്തിൽ നടന്ന കലാകായിക മാമാങ്കങ്ങൾ....

ഓണം, ക്രിസ്മസ് തുടങ്ങിയ ആഘോഷത്തിമിർപ്പുകൾ.....

പലകുറി മാറി മാറി വന്ന കാലാവസ്ഥ...

നവ്യാനുഭവപ്രദായിനികളായ ഒട്ടേറെ നിമിഷങ്ങൾ.....

ആഹാ അന്തസ്സ്!

ചുരുക്കത്തിൽ ദേവമാതാ പോസിറ്റീവ് വൈബു കൊണ്ട് സമ്പുഷ്ടം. അറിവും അനുഭവവും ഇഴചേർന്ന ലൈബ്രറിയും രുചിയും ചിരിയും വിടർന്ന കാന്റീനും തണലും കുളിരും പകർന്ന അത്തിമരച്ചോടും ആട്ടവും പാട്ടും അരങ്ങേറിയ ഓഡിറ്റോറിയവും കായികശേഷി വർദ്ധിപ്പിക്കുന്ന ഓപ്പൺ ജിമ്മും ദേവമാതയുടെ വൈബിടങ്ങളാണ്.

മൂന്ന് വർഷമല്ല, മൂന്ന് പതിറ്റാണ്ടിന്റെ അനുഭവലോകം ദേവമാതാ സമ്മാനിച്ചു. ഈ ശേഷിപ്പുകളുമായി പടിയിറങ്ങുമ്പോൾ ഒരിക്കലും വിസ്മരിക്കാനാവാത്ത മുഖങ്ങളുണ്ട്. ഒരു കൂട്ടുകുടുംബത്തെപോലെ ഈ കോളേജിനെ നയിക്കുന്ന സ്നേഹബഹുമാനപ്പെട്ട മാനേജർ ആർച്ചുപ്രീസ്റ്റ് റവ. ഡോ. തോമസ് മേനാച്ചേരി അച്ചൻ, കോളേജിന്റെ യശസ്സുയർത്തിയ, കോളേജിനുവേണ്ടി അക്ഷീണം പ്രയത്നിക്കുന്ന ബഹുമാനപ്പെട്ട പ്രിൻസിപ്പൽ ഡോ.സുനിൽ സി. മാത്യു സർ, കോളേജ് ബർസാർ ജോസഫ് മണിയഞ്ചിറ അച്ചൻ, വൈസ് പ്രിൻസിപ്പൽ ഡിനോയി അച്ചൻ, വിജയമന്ത്രങ്ങൾ പകർന്ന മലയാളകുടുംബത്തിലെ സിബി സർ, ജോബിൻ സർ, സിജി മിസ്സ്,ബ്രിൻസി മിസ്സ്, ആൻസി മിസ്സ്, മിനി മിസ്സ്, സിന്ധു സിസ്റ്റർ, ജെസ്വിൻ സർ, അമൽ സർ, അൽഫോൻസാ മിസ്സ്, ശരണ്യാ മിസ്സ്..

എല്ലാവിധ പിന്തുണയും നൽകിയ ഇതരവിഭാഗങ്ങളിലെ അദ്ധ്യാപകർ..

ഒരു സഹോദരനെ പോലെ സ്നേഹവും പിന്തുണയും ശകാരവും നൽകിയ എൻ. എസ്. എസ് യൂണിറ്റിന്റെ സ്വന്തം റെനീഷ് സർ,

യാതൊരു മുട്ടും വരാതെ ഓഫീസ് കാര്യങ്ങൾ നിർവഹിച്ച സിബി എബ്രഹാം സാറിന്റെ നേതൃത്വത്തിലുള്ള അനദ്ധ്യാപകർ.....,

എല്ലാത്തിനും കൂടെ നിന്ന സുഹൃത്തുക്കൾ...,

എല്ലാവരെയും നന്ദിയോടെ, സ്നേഹത്തോടെ സദാ സ്മരിക്കുന്നു.

തള്ളേണ്ടവ തള്ളിയും കൊള്ളേണ്ടവ കൊണ്ടും മൂന്ന് വർഷക്കാലം കടന്നുപോയി. പക്ഷേ, അതിനൊരു താളമുണ്ടായിരുന്നു. ഇമ്പമുണ്ടായിരുന്നു. ആ താളത്തിൽ ചിറക് വിരിക്കാനും ദേശാന്തരങ്ങൾ സഞ്ചരിക്കുവാനും കഴിഞ്ഞു. അപ്പോഴും ചിറകു നീർത്തിയ ഇടത്തേയ്ക്ക് തിരികെ വരാൻ മനസ്സ് വെമ്പുന്നു.

നിർമ്മിതബുദ്ധിക്ക് ഒരു ആമുഖം

അനുപ്രിയ ജോജോ
II M A Malayalam



'മനുഷ്യന് ഇത് ചെറിയൊരു ചുവടുവയ്പ്പ്. മനുഷ്യരാശിക്ക് വലിയൊരു കുതിച്ചുചാട്ടം'. ആദ്യമായി ചന്ദ്രനിൽ എത്തിയപ്പോൾ നീൽ ആംസ്ട്രോങ്ങ് പങ്കുവച്ച അനുഭവമാണിത്.എന്നാൽ മനുഷ്യരാശിയുടെ ഒരു ഹനുമാൻ ചാട്ടമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമ്മിതബുദ്ധിയുടെ കണ്ടെത്തലിനെ വിശേഷിപ്പിക്കാം. 1950-ൽ മെഷീൻ ഇന്റലിജൻസിനായി അലൻ ട്യൂറിങ് നടത്തിയ പരീക്ഷണങ്ങളാണ് സമകാലികയുഗത്തിന്റെ ആശങ്കയും പ്രതീക്ഷയുമായ നിർമ്മിതബുദ്ധിയിലേക്കുള്ള പ്രധാന വഴിത്തിരിവായത്.. മനുഷ്യബുദ്ധിക്ക് സമാനമായ രീതിയിൽ ചിന്തിക്കാനും തീരുമാനങ്ങൾ എടുക്കാനും ശേഷിയുള്ള കമ്പ്യൂട്ടർ അധിഷ്ഠിത യന്ത്രസംവിധാനത്തെയാണ് നിർമ്മിതബുദ്ധി അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നതുകൊണ്ട് വ്യവഹരിക്കുന്നത്. യന്ത്രപഠനമാണ് നിർമ്മിതബുദ്ധിയുടെ പ്രധാന ഘടകം. ദത്തപഠനം (Learning), തിരഞ്ഞെടുപ്പ് (Reasoning), സ്വയം തിരുത്തലുകൾ (Self creations), ക്രിയാത്മകത (creativity) എന്നീ പ്രാഥമിക ഘട്ടങ്ങളിലൂടെയാണ് ഇത് സാധ്യമാകുന്നത്. ദത്ത ശേഖരത്തിൽ ആവർത്തിക്കുന്ന പാറ്റേണുകളെ കണ്ടെത്തി യുക്ത്യനുസൃതം പുനരാവിഷ്കരിക്കുകയാണ് നിർമ്മിതബുദ്ധിയുടെ പ്രവർത്തനം.സംക്ഷിപ്തവും പൊതുസ്വീകാര്യവുമായ ഒരു നിർവചനം നിർമ്മിതബുദ്ധിക്ക് ഇതുവരെ പ്രാപ്തമായിട്ടില്ല. നിർമ്മിതബുദ്ധിയെ കേവലനിർവചനത്തിൽ ഒതുക്കാനാവില്ല. ''യന്ത്രങ്ങളെ ബൗദ്ധികപ്രവർത്തനങ്ങൾക്ക് പ്രാപ്തമാക്കുന്ന കമ്പ്യൂട്ടർ സയൻസിന്റെ ശാഖയാണ് നിർമ്മിതബുദ്ധി'' എന്ന് ജോൺമെക്കാത്തി നിർവചിക്കുന്നു. ''കമ്പ്യൂട്ടറുകളെ ചിന്തിപ്പിക്കാനുള്ള ആവേശമാർന്ന പരിശ്രമം. പരിപൂർണ്ണമായും അക്ഷരാർത്ഥത്തിൽ ചിന്താശേഷിയുള്ള യന്ത്രങ്ങൾ''എന്ന് ഹോഗ്ലാൻഡും നിരീക്ഷിക്കുന്നുണ്ട്.

നിർമ്മിതബുദ്ധി സാധ്യമാകുന്നതിന് നൂറ്റാണ്ടുകൾക്ക് മുൻപേ മനുഷ്യഭാവനയിൽ അവ സങ്കൽപ്പിക്കപ്പെട്ടിരുന്നു. ഗ്രീക്ക് പുരാണങ്ങളിൽ സ്വന്തം ഇഷ്ടപ്രകാരം പ്രവൃത്തിചെയ്യുന്ന Automatons അഥവാ യന്ത്രങ്ങളെ കാണാൻ സാധിക്കും. പ്ലേറ്റോയുടെ ഒരു സുഹൃത്ത് യന്ത്രപ്രാവിനെ സൃഷ്ടിച്ചുവെന്നും ലിയാനാഡോ ഡാവിഞ്ചിയും ഓട്ടോമാറ്റൺ സൃഷ്ടിച്ചിരുന്നുവെന്നും കഥകളുണ്ട്. ഹോമറിന്റെ 'ഇലിയഡി'ൽ യന്ത്രമനുഷ്യരുടെ സാന്നിധ്യം അവതരിപ്പിക്കുന്നു. സാങ്കേതികവിദ്യയുടെ ദൈവമായ ഹെഫെസ്റ്റോസ് നിർമ്മിച്ച ടാലോസ് എന്ന യന്ത്രമനുഷ്യൻ സൈബോർഗിന്റെ ആദ്യപതിപ്പായി കാണാം. ഇത്തരം ശാസ്ത്രകല്പിതകഥകളിലും പുരാണങ്ങളിലുമാണ് നിർമ്മിതബുദ്ധി എന്ന ആശയത്തിന്റെ ആദ്യാങ്കുരങ്ങൾ പ്രതിഫലിതമാകുന്നത്.

1637-ൽ റെനെ ദെക്കാർത്തെ രീതിയെക്കുറിച്ചുള്ള പ്രഭാഷണത്തിൽ ''ഞാൻ ചിന്തിക്കുന്നു അതിനാൽ ഞാനുണ്ട്'' എന്നും മനുഷ്യരെപ്പോലെയുക്തിസഹമായ ഒരു യന്ത്രം സൃഷ്ടിക്കുന്നത് അയുക്തികവും അസാധ്യവുമാണെന്നും പ്രസ്താവിച്ചു. 1837-ൽ ചാൾസ് ബാബേജ് കമ്പ്യൂട്ടർ സൃഷ്ടിച്ചതും അനലിറ്റിക്കൽ എൻജിന്റെ പ്രവർത്തനങ്ങൾ സാധ്യമായതും നിർമ്മിതബുദ്ധി പര്യവേഷണങ്ങൾക്ക് ഗതികോർജ്ജം പകർന്നു. അധ്വാനവുമായി ബന്ധപ്പെട്ട റോബോട്ട് എന്ന സ്ലാവിക് മൂലത്തിൽ നിന്നാണ് ഈ പദത്തിന്റെ നിരുക്തി. 1920-ൽ ചെക്ക് സാഹിത്യകാരനായ കാറൽ ചാപെക് ആണ് തന്റെ RUR എന്ന നാടകത്തിൽ റോബോട്ട് എന്ന പദം ആദ്യമായി പ്രതിപാദിച്ചത്. 1939-ൽ ആദ്യ റോബോട്ട് ELECTRO ലോകമേളകളിൽ പ്രദർശിപ്പിക്കപ്പെട്ടു.

1943-ൽ വാറൻ മക് കുള്ളോകും വാൾട്ടർ പിറ്റ്സുമാണ് നിർമ്മിതബുദ്ധിക്ക് വിത്തുപാകിയത്. കൃത്രിമ ന്യൂറോൺ എന്ന ആശയം അവർ മുന്നോട്ടു

വച്ചു.1949-ൽ ഡൊണാൾഡ് ഹെബ് ന്യൂറോണുകൾ തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് പഠനം നടത്തുകയും ഒരു നിയമം കൊണ്ടുവരികയും ചെയ്തു. ഇത് ഹെബിയൻ പഠനം എന്നറിയപ്പെടുന്നു. ദ ഓർഗനൈസേഷൻ ഓഫ് ഹേവിയർ (The Organization of the Behaviour) എന്ന പുസ്തകത്തിലാണ് അദ്ദേഹം ഈ ആശയം അവതരിപ്പിച്ചത്. പുതിയതായി എന്തെങ്കിലും പഠിക്കുമ്പോൾ ന്യൂറോണുകൾ തമ്മിൽ ഒരു ബന്ധം രൂപീകരിക്കപ്പെടുന്നു. കൂടുതൽ ഉത്തേജിക്കപ്പെടുന്തോറും ഈ ന്യൂറൽ വലക്കണ്ണി കൂടുതൽ ശക്തവും അവബോധജന്യവും യാന്ത്രികവുമായി മാറുന്നു. ഹെബിന്റെ ആശയങ്ങൾ കൃത്രിമ ന്യൂറൽ നെറ്റ് വർക്കുകളിലേക്കും കൃത്രിമ ന്യൂറോണുകളിലേക്കും ആഴ്ന്നിറങ്ങുന്നു.

1948-ൽ ബില്യൺ ഗ്രേ വാൾട്ടർ ചരിത്രത്തിൽ ആദ്യമായി സ്വയംഭരണ യന്ത്രമനുഷ്യനെ സൃഷ്ടിച്ചു. എൽമർ, എൽസി എന്നീ റോബോട്ടുകൾക്ക് ആമയുടെ ആകൃതിയായിരുന്നു. 1950 ൽ അലൻ ടൂറിങ് 'Computer Machinery and Intelligence' എന്ന പ്രബന്ധത്തിൽ മെഷീൻ ഇന്റലിജൻസ് എന്ന ആശയം അവതരിപ്പിച്ചു. യന്ത്ര നിർമ്മിതബുദ്ധി മനുഷ്യബുദ്ധിക്കൊപ്പം എത്തിയോ എന്ന് പരീക്ഷിക്കുന്നതിനായി അദ്ദേഹം ടൂറിങ് ടെസ്റ്റ് നിർദ്ദേശിച്ചു. ഈ പരീക്ഷണത്തിലൂടെ യന്ത്രത്തിന്റെ മനുഷ്യസഹജവാസനകളെ മെച്ചപ്പെടുത്താൻ സാധിക്കും. മൂന്നുപേരാണ് ഈ പരീക്ഷണത്തിൽ സന്നിഹിതരാവുക. ചോദ്യകർത്താവും ഉത്തരം പറയുന്നതിനായി യന്ത്രവും മനുഷ്യനും. ജഡ്ജിയുടെ ചോദ്യങ്ങൾക്ക് അയാൾ കാണാത്ത ഭാഗത്തുനിന്ന് ഇരുവരും ടെക്സ്റ്റ് രൂപത്തിൽ മറുപടി പറയുന്നു. യന്ത്രത്തിന്റെയും മനുഷ്യന്റെയും മറുപടി ചോദ്യകർത്താവ് തിരിച്ചറിയുന്നിടത്ത് യന്ത്രത്തിന്റെ മറുപടി മനുഷ്യന്റേതാണെന്ന് വിലയിരുത്തിയാൽ ആ യന്ത്രം പരീക്ഷണത്തിൽ വിജയിക്കുന്നു. യന്ത്ര ബുദ്ധിയെക്കുറിച്ചുള്ള ടൂറിങ്ങിന്റെ ആശയങ്ങൾ നിർമ്മിതബുദ്ധിയെ ഒരു പ്രത്യേക പഠനമേഖലയായി വികസിപ്പിക്കുന്നതിന് കാരണമായിത്തീർന്നു.

ആദ്യത്തെ ആധുനിക ഡിജിറ്റൽ പ്രോഗ്രാമബിൾ റോബോട്ട് 1954-ൽ ജോർജ് ഡെവോൾ കണ്ടുപിടിക്കുകയും റോബോട്ടിക്സ് കമ്പനിയായ യൂണിമേഷൻ രൂപീകരിക്കുകയും ചെയ്തു. അലൻ നെവൽ ക്ലിപ്ഷാ, ഹെർബർട്ട് സൈമൺ എന്നിവർ ലോജിക്കൽ തിയറിസ്റ്റ് എന്ന പ്രോഗ്രാം 1955-ൽ രൂപകൽപ്പന ചെയ്തു. ഇതാണ് നിർമ്മിതബുദ്ധി ഉപയോഗിച്ചുള്ള ആദ്യപരിപാടിയായി കണക്കാക്കപ്പെടുന്നത്. 1956-ലെ ഡാർട്ട്മൗത്ത് കോൺഫറൻസ് നിർമ്മിതബുദ്ധിയുടെ ചർച്ചാവേദിയായി മാറി. കമ്പ്യൂട്ടർ സയൻസ്, ഗണിതശാസ്ത്രം, ഭൗതികശാസ്ത്രം, മറ്റുശാസ്ത്രങ്ങൾ എന്നിവയിൽ നിന്നുള്ള ഗവേഷകരെ ചേർത്തുള്ള ഈ സമ്മേളനം നിർമ്മിതബുദ്ധിയുടെ സാധ്യതകൾ പര്യവേഷണം ചെയ്തു. ജോൺ മെക്കാത്തിയും മാർവിൽ മിൻസ്ക്കിയും ആതിഥ്യമരുളിയ ഡാർട്ട് മൗത്ത് സമ്മർ റിസർച്ച് പ്രൊജക്റ്റ് ഓൺ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (DSRPAI) എന്ന ശില്പശാല നിർമ്മിതബുദ്ധി ഗവേഷണത്തിനായി ഒരു മാർഗ്ഗരേഖയും തയ്യാറാക്കിക്കൊണ്ട് ചരിത്രപന്ഥാവ് തുറന്നുനൽകി. ജോൺ മെക്കാത്തി സഹപ്രവർത്തകരുമായി ചേർന്ന് ആദ്യത്തെ നിർമ്മിതബുദ്ധി പ്രോഗ്രാമിന് LISP ഭാഷ വികസിപ്പിച്ചെടുത്തു.

1957- 1974 കാലത്ത് എ.ഐ. യുടെ വളർച്ച ദ്രുതഗതിയിൽ ആയിത്തീർന്നു. ഈ കാലത്ത് വിവര ശേഖരണത്തിനും സംരക്ഷണത്തിനും ഉപാധികൾ സാധ്യമാക്കിക്കൊണ്ട് കമ്പ്യൂട്ടർ രംഗത്തും പുരോഗതി ഉണ്ടായി. 1966-ൽ ജോസഫ് വെയ്സൻ ബോമിന്റെ എലിസ (ELIZA) എന്ന ആദ്യ ചാറ്റ്ബോട്ട് അവതരിപ്പിക്കപ്പെട്ടു. 1973-ൽ ആദ്യ വിവേകമതിയായ റോബോട്ട് ജപ്പാനിൽ ജന്മം കൊണ്ടു. WABOT 1 വാസ്ഡേ യൂണിവേഴ്സിറ്റിയിലെ ഇച്ചിറോ കാറ്റോ എന്ന ജാപ്പനീസു കാരനാണ് മനുഷ്യരോട് സംവദിക്കാൻ കഴിവുള്ള ഈ റോബോട്ടിനെ നിർമ്മിച്ചത്. വസ്തുക്കളുടെ ദിശ, ദൂരം എന്നിവ നിർണ്ണയിക്കാനും ഇതിനു കഴിഞ്ഞു.

1955-ൽ ജോൺ മെക്കാത്തിയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന പദം ആദ്യമായി രേഖപ്പെടുത്തിയത്. 1990കളിൽ നിർമ്മിതബുദ്ധി ഗവേഷണങ്ങൾ ത്വരിതഗതിയിലായി. ഐ.ബി.എം സൂപ്പർ കമ്പ്യൂട്ടറിൽ പ്രവർത്തിക്കാനുതകുന്ന ഡീപ്പ് ബ്ലൂ എന്ന വിദഗ്ധ സംവിധാനം ഉപയോഗിച്ച് ചെസ്സ് മത്സരം അരങ്ങേറി. ഇതിൽ ലോക ചാമ്പ്യനായിരുന്ന ഹാരി കാസ്പറോവിനെതിരെ നിർമ്മിതബുദ്ധി വിജയം നേടി.

2006-ൽ വാണിജ്യരംഗത്തും നിർമ്മിതബുദ്ധിയുടെ പ്രയോഗമേഖലകൾ തുറന്നു. ഫേസ്ബുക്ക്, ട്വിറ്റർ, നെറ്റ്ഫ്ലിക്സ് മുതലായ കമ്പനികൾക്കും നിർമ്മിതബുദ്ധി ഉപയോഗത്തിൽ എത്തി. ഗവേഷണങ്ങൾ സർവ്വകലാശാലകളിൽനിന്ന് ഗൂഗിൾ, ഫേസ്ബുക്ക് എന്നിവയുടെ നേതൃത്വത്തിലേക്ക് ചുവട് മാറി. 2012 മുതൽ ഗൂഗിൾ നിർമ്മിതബുദ്ധി ഉപയോഗിച്ചുള്ള മത്സരങ്ങൾ സംഘടിപ്പിക്കുകയും തൽഫലമായി ഡീപ്പ് ലേണിംഗിലും ബിഗ് ഡേറ്റ അനാലിസിസിലും മുന്നേറ്റം ഉണ്ടാവുകയും ചെയ്തു.

വിവരസാങ്കേതികവിദ്യയിലെ നവീനഘട്ടത്തെ പ്രതിനിധീകരിക്കുന്ന നൂതന സാങ്കേതികവിദ്യയാണ് ആർട്ടിഫിഷ്യൽ ജനറൽ ഇന്റലിജൻസ്. നിർദ്ദിഷ്ട ജോലി



കൾക്കായി മാത്രം രൂപകല്പന ചെയ്തിട്ടുള്ള നിലവിലെ ഉപകരണങ്ങളിൽനിന്ന് വ്യത്യസ്തമായി മനുഷ്യസമാനമായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ഇത് ശ്രമിക്കുന്നു. അനുഭവങ്ങളിൽ നിന്ന് പഠിക്കുവാനും ഈ അറിവ് ഭാവിയിൽ പ്രയോജനപ്പെടുത്താനും യന്ത്രത്തിന് കഴിയുന്നതോടെ മനുഷ്യ ഇടപെടൽ ഇല്ലാതെ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുവാനും പ്രശ്ന പരിഹാരപ്രാപ്തി നേടുവാനും അവയ്ക്ക് സാധിക്കുന്നു. നിലവിലുള്ള എ.ഐ. മോഡലുകൾ എല്ലാം മുൻകൂട്ടി നിശ്ചയിക്കപ്പെട്ട പരിധിക്കുള്ളിൽ നിന്നാണ് പ്രവർത്തിക്കുന്നത്. ഈ പരിമിതികളിൽ നിന്ന് വിഭിന്നമായി വിവിധ പരിതസ്ഥിതികളോട് അനുരൂപപ്പെടാനും വിചിന്തനം ചെയ്ത് പ്രശ്നപരിഹാരം കണ്ടെത്താനും സാധ്യമാകുന്ന സ്ഥലത്തെയാണ് എ.ജി.ഐ വിഭാവനം ചെയ്യുന്നത്. മനുഷ്യ മസ്തിഷ്കത്തിന്റെ പ്രവർത്തനത്തെ അനുകരിച്ച് ഡീപ് ലേണിങ്ങിലൂടെ സങ്കീർണമായ ടെക്സ്റ്റ്, പ്രതിബിംബങ്ങൾ, ശബ്ദങ്ങൾ, പാറ്റേണുകൾ തുടങ്ങിയവ തിരിച്ചറിയുവാനും മനുഷ്യബുദ്ധി ആവശ്യമുള്ള പ്രവർത്തനങ്ങൾ സ്വയം ചെയ്യുവാനും ഈ സാങ്കേതിക വിദ്യകൊണ്ട് സാധിക്കും. ഉപയോക്താവിന്റെ പ്രത്യേക നിർദ്ദേശംകൂടാതെ സാന്ദർഭികമായി പ്രവർത്തിക്കുന്ന രൂപമാണ് ആംബിയന്റ് ഇൻവിസിബിൾ ഇന്റലിജൻസ്. വ്യക്തമായ ഇൻപുട്ട് കൂടാതെ പശ്ചാത്തലത്തിൽ ഇണങ്ങിച്ചേർന്ന് പ്രവർത്തിക്കാൻ എ.ഐ.യ്ക്ക് കഴിവുണ്ട്. 1990 കളിൽ അമേരിക്കൻ കമ്പ്യൂട്ടർ ശാസ്ത്രജ്ഞനായ മാർക്ക് വൈസറാണ് ദൈനംദിന ജീവിതത്തിൽ സാങ്കേതികവിദ്യയുടെ സുഗമമായ സംയോജനം വിഭാവനം ചെയ്തുകൊണ്ട് സർവ്വവ്യാപിയായ കമ്പ്യൂട്ടിംഗ് എന്ന ആശയം അവതരിപ്പിച്ചത്.സമസ്തമേഖലകളിലും മനുഷ്യബുദ്ധിയെ മറികടക്കാൻ കഴിവുള്ള നിർമ്മിതബുദ്ധിയുടെ സാങ്കല്പികഭാവിയാണ് ആർട്ടിഫിഷ്യൽ സൂപ്പർ ഇന്റലിജൻസിന്റേത്. മനുഷ്യന് മാത്രം ചെയ്യാൻ സാധിക്കുമെന്ന് പരമ്പരാഗതമായി ഗണിച്ചുപോരുന്ന വൈകാരികബുദ്ധി, കലാപരമായ സൃഷ്ടിവൈഭവം, സർഗാത്മകത തുടങ്ങിയ സവിശേഷതകൾ മനുഷ്യബുദ്ധിയെക്കാൾ ഉയർന്ന തലത്തിൽ എ.എസ്.ഐ. യിലൂടെ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വിശ്വസിക്കപ്പെടുന്നു.

പ്രയോഗസാധ്യതകൾ

സമൂഹത്തിന്റെ സമസ്തമേഖലകളിലും നിർമ്മിതബുദ്ധിയുടെ സ്വാധീനം പരിവർത്തനങ്ങൾ ഉളവാക്കുന്നുണ്ട്. ദൈനംദിന ജീവിതവുമായി തിരിച്ചറിയാനാവാത്ത വിധം അത് ഇഴചേർന്നിരിക്കുന്നു. കൃഷി, ആരോഗ്യസംരക്ഷണം, ശാസ്ത്രഗവേഷണം, വിദ്യാഭ്യാസം, നിർമ്മാണം, ലോജിസ്റ്റിക്സ്, ഗതാഗതം, നിയമപാലനം, രാഷ്ട്രീയം, സംസ്കാരം, കല, മാധ്യമങ്ങൾ, വിനോദം, ധനകാര്യം തുടങ്ങി സമസ്തമേഖലകളിലും നിർമ്മിതബുദ്ധിയുടെ സ്വാധീനം വേരാഴ്ത്തിയിരിക്കുന്നു.

നിർമ്മിതബുദ്ധിയുടെ പ്രയോഗത്തിൽ ഏറ്റവും പ്രതീക്ഷകൾ ഉണരുന്നത് ആരോഗ്യരംഗത്താണ്. രോഗനിർണയം, മരുന്നുകൾ കണ്ടുപിടിക്കൽ, രോഗീ നിരീക്ഷണം, വെർച്വൽ ഹെൽത്ത് അസിസ്റ്റന്റ്, സർജിക്കൽ റോബോട്ടിക്സ്, മെന്റൽ ഹെൽത്ത് സപ്പോർട്ട്, തുടങ്ങിയവയിലൂടെ രോഗചികിത്സാ സംവിധാനത്തെ കൂടുതൽ സൂക്ഷ്മവും കാര്യക്ഷമവുമാക്കാൻ എ. ഐ.യിലൂടെ സാധിക്കുന്നുണ്ട്. എക്സ്-റേ കൾ എം.ആർ.ഐ. കൾ, രോഗിയുടെ മറ്റ് റിക്കാർഡുകൾ എന്നിവ ദ്രുതഗതിയിൽ വിശകലനം ചെയ്ത് അസുഖങ്ങൾ കണ്ടെത്താൻ ഡോക്ടർമാർക്ക് സഹായകമാകുന്നു.മോളിക്യുലർ മോഡലിങ്ങിലൂടെ പുതിയ മരുന്നുകളുടെ വികസനത്തിന് ഇത് വഴിയൊരുക്കും.മെഡിക്കൽ വിദ്യാഭ്യാസത്തെയും മെച്ചപ്പെടുത്താൻ നിർമ്മിതബുദ്ധി സാധ്യതകൾ തുറന്നിടുന്നുണ്ട്. സങ്കീർണമായ ശാസ്ത്രക്രിയകൾക്ക് എ.ഐ. സഹായത്തോടെയുള്ള ഉപകരണങ്ങൾ ഉപകരിക്കും.

ഗതാഗതമേഖലയിൽ നിർമ്മിതബുദ്ധിക്ക് അനന്തസാധ്യതകളാണുള്ളത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം തുടങ്ങി ഡ്രൈവർ ഇല്ലാ കാറുകൾ വരെ ഇവ സാധ്യമാക്കും. ജി.പി.എസ്. സർവ്വൈലൻസ് ക്യാമറകൾ ഉപയോഗിച്ച് ട്രാഫിക് നിയന്ത്രിക്കുന്ന സമ്പ്രദായം വിദൂരമല്ല. കേരളത്തിൽ എ.ഐ. ക്യാമറകൾ ഉൾപ്പെടെ പ്രതിഷ്ഠാനം നേടിയിട്ടുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുംവിധം വേഗത ക്രമീകരിക്കാനുതകുന്ന നിയന്ത്രിത സംവിധാനങ്ങൾ ടെസ്ല ഉൾപ്പെടെയുള്ള കമ്പനികൾ പരീക്ഷിച്ചുകൊണ്ടിരിക്കുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ഡ്രൈവർമാർക്ക് അനുയോജ്യമായ റോഡുകൾ നിർദ്ദേശിക്കുവാനും സൗകര്യപ്രദമായ ഗതാഗതസംവിധാനം യാഥാർത്ഥ്യമാക്കുന്നതിനും ഇവ സഹായകമാണ്. നിർമ്മിതബുദ്ധിയിൽ അധിഷ്ഠിതമായ ആപ്പുകൾ യാത്രക്കാരെയും ഡ്രൈവർമാരെയും ബന്ധിപ്പിക്കുകയും ഗതാഗതത്തിന്റെ കാര്യക്ഷമതയും സുരക്ഷിതത്വവും വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

സാമ്പത്തികമേഖലയിൽ റീട്ടെയിൽ - ഈ കൊമേഴ്സ് സജ്ജീകരണങ്ങൾക്ക് എ.ഐ. ഉപയോഗപ്രദമാണ്. ഡേറ്റ അടിസ്ഥാനമാക്കി സംശയാസ്പദമായ ഇടപാടുകളെ കണ്ടെത്തുവാനും സാമ്പത്തിക സുരക്ഷിതത്വംഉറപ്പുവരുത്താനുംഇതുവഴിസാധിക്കും. ഡേറ്റ ആസ്പദമാക്കി ധനകാര്യസ്ഥാപനങ്ങൾ പ്രതിസന്ധിയിലേക്ക് പോകുന്നത് പ്രവചിക്കുവാൻ എ.ഐക്ക് സാധിക്കും. ഇത് സാമ്പത്തികപ്രതിസന്ധിയുടെ ആഴം കുറയ്ക്കും. ഉപഭോക്താക്കളുടെ വിവരങ്ങളും താല്പര്യങ്ങളും അടിസ്ഥാനമാക്കി ഉൽപ്പന്നങ്ങൾക്ക് വിലനിശ്ചയിക്കുവാനും ആളുകളുടെ ഷോപ്പിംഗ് സ്വഭാവത്തെ സംതൃപ്തമാക്കാനും ഹാക്കിംഗ് തടഞ്ഞുനിർത്താനും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് സാധിക്കും.

നിർമ്മിതബുദ്ധി ഉപയോഗിച്ച് വിദ്യാഭ്യാസരംഗത്ത് നവീനസാധ്യതകൾ തുറന്നിടാനാകും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നിലവിലുള്ള വിദ്യാഭ്യാസത്തിന്റെ ഘടനയെത്തന്നെ പൊളിച്ചെഴുതാൻ പര്യാപ്തമാണ്. വെർച്വൽ ട്യൂട്ടർമാർ വ്യക്തിഗതമായ പഠനാനുഭവം പ്രദാനം ചെയ്യുന്നു. വേർതിരിവില്ലാത്ത അധ്യാപകനായി എ.ഐ. മാറും.

പഠിതാവിന് വ്യക്തിഗതമായ പരിശീലനം നൽകാൻ നിർമ്മിതബുദ്ധിക്ക് സാധിക്കും. ഓരോ പഠിതാവിന്റെയും ശക്തിയും ബലഹീനതയും പരിശോധിച്ച് എഴുത്ത്,വായന,ശ്രവണം, സംസാരം എന്നിവയിലുള്ള വിദ്യാർഥിയുടെ പ്രകടനം ഇവ വിശകലനം ചെയ്യുന്നു. വ്യക്തിഗത പഠനരീതികൾ തിരിച്ചറിഞ്ഞ് വിഷ്വൽ എയ്ഡുകൾ, വിശദീകരണങ്ങൾ എന്നിവ നൽകിക്കൊണ്ട് വിദ്യാർത്ഥികൾക്കാവശ്യമായ പിന്തുണ ഇതിലൂടെ ലഭ്യമാക്കാനാകുന്നു പാഠ്യപ്രവർത്തനങ്ങളിലെ പിശകുകൾ തിരിച്ചറിയുക, തൽസമയം തിരുത്തലുകൾ നൽകുക, ആശയങ്ങൾ കൂട്ടിച്ചേർക്കുക എന്നിവയിലൂടെ അധ്യയനത്തെ മെച്ചപ്പെടുത്താൻ നിർമ്മിതബുദ്ധി അധിഷ്ഠിതമാക്കിയ വിവിധ ചാറ്റ്ബോട്ടുകൾക്ക് സാധ്യമാണ്.. ടെക്സ്റ്റ് ടു സ്പീച്ച്, സ്പീച്ച് ടു ടെക്സ്റ്റ്, എന്നിവയും വ്യക്തിക്ക് സൗകര്യപ്രദമാണ്. വിദ്യാർത്ഥികളുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കുമുള്ള ഉത്തരങ്ങൾ നൽകുന്ന വെർച്വൽ സഹായികളാണ് വെർചൽ ലാംഗ്വേജ് ട്യൂട്ടേഴ്സ്.കഥ, കവിത, ലേഖനം തുടങ്ങിയ ഏത് സാഹിത്യ രൂപത്തിന്റെയും രചനയും വിവർത്തനവും സാധ്യമാക്കാൻ നിർമ്മിതബുദ്ധിയിലൂടെ കഴിയും. എങ്കിലും ഇംഗ്ലീഷ് വിവർത്തനത്തോളം പ്രാദേശിക ഭാഷകളുടെ വിവർത്തനം ഇന്ന് ഫലപ്രദമായിട്ടില്ല. എന്നാൽ സാങ്കേതികവിദ്യയുടെ വളർച്ചാവീഥിയിൽ ഇതും സാധ്യമാകാം.

കാർഷികരംഗത്ത് വിപ്ലവങ്ങൾ സൃഷ്ടിക്കുവാനും നിർമ്മിതബുദ്ധിക്ക് കഴിയും. സെൻസറുകൾ, ഡ്രോണുകൾ, ഉപഗ്രഹങ്ങൾ എന്നിവയിൽനിന്ന് ലഭിക്കുന്ന ഡേറ്റ വിശകലനം ചെയ്ത് ജലസേചനം, കീടനിയന്ത്രണം എന്നിവയ്ക്ക് നിർമ്മിതബുദ്ധി കൃഷിക്കാരനെ പ്രാപ്തനാക്കുന്നു. വിളകളുടെ ആരോഗ്യ

പരിപാലനത്തിൽ സമയോചിതമായ ഇടപെടൽ നടത്തുവാനും എന്ത് കൃഷി ചെയ്യണമെന്ന് തിരഞ്ഞെടുക്കാനും നിർമ്മിതബുദ്ധി കർഷകന്റെ സഹായിയായി മാറുന്നു.

അതിർത്തികൾ, ഭരണസിരാകേന്ദ്രങ്ങൾ, വിമാനത്താവളങ്ങൾ, തന്ത്രപ്രധാനമായ സ്ഥലങ്ങൾ എന്നിവിടങ്ങളിലെല്ലാം ഹ്യൂമനോയ്ഡ് എ.ഐ. റോബോട്ടുകളുടെ സുരക്ഷാ സംവിധാനം ഏർപ്പെടുത്താനാവും.

പ്രധാനവെല്ലുവിളികൾ

അനന്തസാധ്യതകൾക്ക് വഴിതുറക്കുമ്പോഴും നിർമ്മിതബുദ്ധി മാനുഷികവും സാമൂഹികവും ധാർമ്മികവുമായ പ്രത്യാഘാതങ്ങളെ അഭിസംബോധന ചെയ്യുന്നുണ്ട്. മനുഷ്യസ്വത്വം, തൊഴിലിടങ്ങൾ, സാങ്കേതികവിദ്യയുടെ ഉത്തരവാദിത്വപരമായ ഉപയോഗം, ധാർമ്മികമായ ഉത്തരവാദിത്വം തുടങ്ങിയവയെപ്പറ്റിയുള്ള ചോദ്യങ്ങൾ പ്രസക്തമാണ്. മനുഷ്യപ്രകൃതിയെ അനുകരിക്കാനും മനുഷ്യന്റെ മൗലികമായ സാഹിത്യസൃഷ്ടികൾക്ക് പകരമാകാനും സ്വയം തീരുമാനങ്ങൾ എടുക്കാനും ശേഷിയുള്ള നിർമ്മിതബുദ്ധി ആശങ്കകൾ ഉണർത്തുന്നതാണ്..

മനുഷ്യവികസനത്തെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം അസമത്വവും സാമൂഹികവിഘടനവും വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത എ.ഐക്ക് ഉണ്ട് . എ.ഐ. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുമെങ്കിലും തൊഴിൽനഷ്ടം, മനുഷ്യധ്വാനത്തിന്റെ മൂല്യത്തകർച്ച തുടങ്ങിയവയ്ക്കും ഇത് നിദാനമായേക്കാം. തെറ്റായ വിവരങ്ങളുടെ പ്രചരണം, വ്യാജനിർമ്മിതികൾ തുടങ്ങി നിർമ്മിതബുദ്ധി ദുർവിനിയോഗിക്കപ്പെടുന്ന സന്ദർഭങ്ങൾ നിരവധിയാണ്. വ്യക്തിയുടെ സ്വകാര്യത, അന്തസ്സ് എന്നിവയെ അത് നിർവീര്യമാക്കും.. പരിസ്ഥിതിസംരക്ഷണത്തിന് ഉപകരിക്കുമ്പോൾ തന്നെ പാരിസ്ഥിതികവിഭവങ്ങളെ അമിതമായി ചൂഷണംചെയ്യാനും കാരണമാകുന്നു..

മനുഷ്യനിർമ്മിതമായ ഡാറ്റ ഉപയോഗിച്ചാണ് സാങ്കേതികവിദ്യ പ്രവർത്തിക്കുന്നത് എന്നതിനാൽ നൽകപ്പെടുന്ന വിവരസ്രോതസ്സുകളിൽ ഉൾക്കൊണ്ടിരിക്കുന്ന സാമൂഹികവും സാംസ്കാരികവും ആയ പക്ഷപാതങ്ങൾ നിർമ്മിതബുദ്ധിയിലും പ്രതിഫലിക്കും. ഇത്തരം പ്രവണതകൾ അപകടത്തിലേക്ക് നയിച്ചേക്കാം. നിർമ്മിതബുദ്ധിയുടെ സുതാര്യതയെയും സ്വകാര്യതയെയും സംബന്ധിച്ച ആശങ്കകൾ സമകാലികസമൂഹത്തിൽ ശക്തമാണ്. മനുഷ്യനെ നിരന്തരം നിരീക്ഷണ വിധേയമാക്കിക്കൊണ്ടിരിക്കുന്ന സാങ്കേതികവിദ്യയുടെ കടന്നുവരവ് വ്യക്തിയുടെ സ്വകാര്യതയെ കച്ചവടതന്ത്രമാക്കുന്നുണ്ട്.

ഓട്ടോമേഷൻ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതോടെ മനുഷ്യാധ്വാനം ഇല്ലാതാവുകയും തൊഴിൽ നഷ്ടത്തിലേക്ക് സമൂഹം ചുവടുവക്കുകയും ചെയ്യുന്നു. മെഷീൻ ലേണിംഗ്, റോബോട്ടിക്സ്, കണ്ടെന്റ് ജനറേഷൻ, ഡേറ്റ അനലിറ്റിക്സ് എന്നീ കഴിവുകൾ യന്ത്രങ്ങൾ സ്വായത്തമാക്കുന്നതോടെ മനുഷ്യന്റെ ഇടപെടൽ അപ്രസക്തമാകുന്നു. മനുഷ്യന്റെ നിലനിൽപ്പിന് ഭീഷണിയാകുന്ന വിധം നിർമ്മിതബുദ്ധി പുരോഗതിയിലേക്ക് കുതിക്കുന്നു. ഇൻഫർമേഷൻ അധികാരത്തിന്റെ കുത്തകവത്കരണം, നൈതിക പ്രശ്നങ്ങൾ, ആശ്രിതത്വം എന്നീ ഭീഷണികളും എ. ഐ. അധിഷ്ഠിത ഭാവിയിൽ മുന്നിൽ കാണേണ്ടതാണ്.





‘മനസ്സിനുള്ള ശാന്തിയും മനോഹാരിതയും, പ്രകൃതിയെന്ന പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു’



Alan shaji
I DC Botany

मगं लवार



Aayisha A
I DC English

रवि की नींद उसकी चारपाई के आख़िरी कोने पर रखी हुई घड़ी की आवाज़ सुनकर खुली। ठीक सात बज रहे थे। बिना घड़ी देखे ही उसे यह पता था। उसके कमरे की वही हमेशा जैसी धूल की गंध उसकी चारों ओर हाथों की तरह लिपट गई। उसी खिड़की की दरारों से सूरज की किरणें कमरे के फ़र्श पर छनकर आ रही थीं। उसी दरवाज़े के कब्ज़े की आवाज़ उसके लिए एक कैदी की ध्वनि जैसी बन गई थी। उसने कमरे के आईने में देखा यह पहचान कि वह महीनों से यही देख रहा है, उसे जकड़ रही थी। रवि सब कुछ से ऊब चुका था।

जब उसे पहली बार यह एहसास हुआ कि वह एक ही दिनचर्या में फँसा हुआ है, तो उसने उत्साहपूर्वक इससे निकलने की कोशिश की। यह विश्वास करते हुए कि अगर वह इस दिनचर्या का हिस्सा नहीं बनेगा तो इसमें बदलाव आएगा, वह एक दिन पूरा अपने कमरे में बंद रहा। लेकिन अगले दिन भी वही मंगलवार फिर से शुरू हो गया। अलार्म घड़ी ठीक सात बजे बजती थी। उसका फ़्लैट का कमरा उतना ही साफ-सुथरा पड़ा था। वह कोई भी बदलाव नहीं कर पाया।

इस जीवन को बदलने के लिए उसने बहुत कुछ करने की कोशिश की। घंटों तक कार चलाकर अनजान जगहों पर भटका और कई बार अपने शहर से बाहर गया। पर आँखें खोलने पर वह फिर से एक नए मंगलवार में अपनी चारपाई पर जाग रहा होता था। वह भाग्य से पुनरावृत्ति के गड्ढे में फेंक दिया गया था।

अपने मंगलवार में कोई बदलाव ढूँढ़ने के लिए उसने अपनी सुनी हुई हर बातचीत, हर समाचार की सुर्खियाँ और हर मुलाक़ात को लिखना तक शुरू कर दिया। धीरे-धीरे उसे यह एहसास हुआ कि हर शब्द, हर पल, और हर वह चीज़ जिसे वह सिर्फ़ एक संयोग समझता था, वह पिछले मंगलवार की हूबहू नकल थी। उसने हैरान होकर देखा कि वह अपने पड़ोसी को कोई मज़ाक सुनाने से पहले ही वे हँसना शुरू कर देते थे... पार्क में चलते समय वह एक लड़की के हाथ से स्कार्फ गिरते हुए देखता था। चाहे कुछ भी हो जाए, अगली सुबह वह स्कार्फ वैसे ही पड़ा होता था।

रवि को समझ में आया यह सिर्फ़ एक या दो संयोग नहीं हैं, बल्कि यह पूरी तरह से दोहराई जाने वाली एक चीज़ है। वह इसका हिस्सा नहीं है, बल्कि एक ऐसा भूत है जो अपने ही जीवन का शिकार कर रहा है। व्यक्तिगत स्वतंत्रता उसे एक क्रूर मज़ाक लगने लगी।

उसने एक बार के लिए चीज़ों को अलग तरीके से करने का फैसला किया। उसे लगा कि अगर वह किसी को किसी हादसे से बचा लेता है, तो यह सब खत्म हो जाएगा। उसने उस बच्चे को सड़क पर गिरने से रोकने की कोशिश की जिसे वह रोज़ रास्ते में देखता था। उसकी कोशिश से उस बच्चे के घाव कम हुए। इस खुशी में कि उसके कारण कुछ तो भला हुआ, वह फिर से जीने लगा।

धीरे-धीरे उसने उस पुनरावृत्ति को नष्ट करने की कोशिश करना छोड़ दिया। इसके बजाय उसने अपने जीवन की हर छोटी चीज़ पर ध्यान देना शुरू कर दिया एक ख़ास समय पर खिड़की से आने वाली रोशनी, पार्क की बेंच के ऊपर से उड़ते कबूतरों की सटीक यात्रा की दिशा, और यह सुखद, आरामदायक अहसास कि कुछ भी गलत नहीं होगा।

यह एक जेल थी, हाँ, लेकिन यह एक पूरी तरह से निर्मित, अटूट स्वर्ग भी था। उसे यह एहसास हुआ कि वह इसे बदल नहीं सकता, लेकिन वह इसकी सराहना कर सकता है। ऐसा लगा जैसे पूरी ज़िंदगी बीत गई हो। उसके बाद पहली बार, रवि यह जानते हुए सो गया कि अगला दिन भी मंगलवार होगा और आख़िरकार, वह इसमें ख़ुश था।


कभी-कभी, बिना रुके दोहराई जाने वाली चीज़ों में भी, मन और दृष्टिकोण के बदलाव से हम उसका आनंद ले सकते हैं।





Ajeesha Shaji
I DC Botany

‘ഭാവങ്ങളിലൂടെ കഥ പറയുന്ന അനശ്വര കലാരൂപം.’



തിരനോട്ടത്തിലെ നവവിതാനങ്ങൾ



Rosemerin Jojo
I MA Malayalam

കല വ്യക്തിപരമായ ഒന്നായിരിക്കുമ്പോൾ തന്നെ സമൂഹോത്മുഖവുമാണ്. സംഗീതം, ചിത്രകല, സാഹിത്യവിദ്യ എന്നിങ്ങനെ ഏത് കലാരൂപവും നിർമ്മാണഘട്ടത്തിൽ വ്യക്തിഗതമായിരിക്കും. പൂർത്തീകരണത്തിനുശേഷം അവ സമൂഹത്തിന്റെ മുന്നിലെത്തുമ്പോൾ മാത്രമേ ഈ ആസ്വാദനചക്രം പൂർത്തിയാവുന്നുള്ളൂ. ചലച്ചിത്രകലയും ഈ പൊതുനിയമത്തിൽനിന്ന് മുക്തമല്ല. പ്രേക്ഷകരുടെ മുന്നിലെത്തിയാൽ മാത്രമേ ചലച്ചിത്രസൃഷ്ടി സാർത്ഥകമാവുകയുള്ളൂ.

പുത്തൻ സാങ്കേതികവിദ്യയുടെ പിൻബലത്തിൽ, സിനിമ ടെലിവിഷനിലൂടെയും ഇന്റർനെറ്റിലൂടെയുമെല്ലാം ആഗോളാടിസ്ഥാനത്തിൽ വിപുലമായി പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നു. നവമാധ്യമങ്ങളുടെ സഹായത്തോടുകൂടി ഇന്ന് ഏതുസിനിമയും ഏതുസമയത്തും ആസ്വാദകന്റെ വിരൽത്തുമ്പിൽ ലഭ്യമാണ്. വിമർശകർ പുകഴ്ത്തുന്നതോ ഇകഴ്ത്തുന്നതോ ആയ സിനിമയുടെ കാഴ്ച ആധുനികമാധ്യമങ്ങളിലൂടെ എളുപ്പം സാദ്ധ്യമാണ്. സാങ്കേതികതയുമായി അനുനിമിഷം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന പുത്തൻ തലമുറ ആത്മാവിഷ്കാരത്തിനും കലാവതരണത്തിനുമായി തിരഞ്ഞെടുക്കുന്ന മാധ്യമവും സിനിമ തന്നെയാണ്.

ഒ.ടി.ടി (ഓവർ ദി ടോപ്) സേവനങ്ങൾ വിനോദലോകത്തേയ്ക്ക് ഒരു പുതിയ കൂട്ടിച്ചേർക്കലാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ സംസ്കാരം, കഴിവുകൾ, സർഗ്ഗാത്മകത തുടങ്ങിയവ പ്രദർശിപ്പിക്കുന്നതിനുള്ള ആഗോളവേദിയായി ആമസോൺ, നെറ്റ്ഫ്ളിക്സ്, എം.എക്സ് പ്ലെയർ, ഡിസ്നി പ്ലസ് ഹോട്ട്സ്റ്റാർ, വൂട്ട്, സീ ഫൈവ് തുടങ്ങിയ പ്ലാറ്റ്ഫോമുകൾ മാറിക്കഴിഞ്ഞു. ഇത്തരം നൂതന സംരംഭങ്ങളുടെ സ്വാധീനത്താൽ ഉള്ളടക്കത്തിലും ചിത്രീകരണരീതികളിലും വിതരണശൃംഖലാസംവിധാനങ്ങളിലും ഒട്ടേറെ മാറ്റങ്ങൾ സിനിമയിൽ ഉണ്ടായിട്ടുണ്ട്. ഈ പരിവർത്തനങ്ങൾ കലാസ്വാദനത്തിന്റെ അതിരുകളെ മാറ്റിനിർണ്ണയിക്കുന്നു.

ആസ്വാദന സംസ്കാരം

ഒരു ജനവിഭാഗത്തിന്റെ അറിവും ജീവിതചോദനകളും പാരമ്പര്യവും സന്മാർഗ ചിന്തയും വിശ്വാസങ്ങളും ആണ് അവരുടെ ആസ്വാദന സംസ്കാരം പരുവപ്പെടുത്തുന്നത്. ഈ സംസ്കാരത്തിനാധാരമായ പ്രധാന ഘടകം വ്യക്തിയുടെയും സമൂഹത്തിന്റെയും മൂല്യബോധമാണ്. പൊതുനന്മയിലുള്ള വിശ്വാസവും അതിനൊത്ത് തന്റെ ജീവിതവീക്ഷണം രൂപപ്പെടുത്താനുള്ള വ്യഗ്രത യുമാണ് ഒരാളുടെ മൂല്യബോധം നിർണ്ണയിക്കുന്നത്. സാധാരണ പ്രേക്ഷകർ സിനിമയിൽനിന്ന് പ്രതീക്ഷിക്കുന്നത് പ്രാകൃതവികാരങ്ങളുടെ പ്രീണനമാണ്. കാമവും രതിയും പ്രതികാരവും ഹിംസയും അക്രമവും ദ്വേഷവും എല്ലാം ജീവിതത്തിന്റെ ഭാഗമാണെങ്കിലും അവയിലെ അസംസ്കൃതമായ ഹീനഭാവങ്ങൾ പ്രദർശിപ്പിക്കാനാണ് മിക്ക സംവിധായകരും ഉത്സാഹിക്കുന്നത്. അവയുടെ മറുപുറമായ മാനവികതയും പ്രേമവും അഹിംസയും സഹനവും സ്നേഹവും എടുത്തുകാട്ടാൻ അവർക്ക് താല്പര്യമില്ല. ഉയർന്ന

ആസ്വാദന വൈഭവമുള്ളവർപോലും ആസ്വാദന ലഹരി തേടുന്നത് പ്രാകൃതവികാരങ്ങൾ തുടിക്കുന്ന ത്രില്ലർ-കില്ലർ-കോമഡി ചിത്രങ്ങളിലാണ്. എന്നാൽ ആസ്വാദനപരമായ ശിക്ഷണം നേടിയ പ്രേക്ഷകൻ ഇത്തരം നിർമ്മിതികൾകൊണ്ട് തൃപ്തരാകുന്നില്ല. ആഴത്തിലുള്ള ധന്യാത്മക സൃഷ്ടിക്ക് മാത്രമേ അയാളെ സ്പർശിക്കാൻ കഴിയൂ.

സദസ്സിലെ സംവേദനങ്ങൾ

സിനിമയെന്ന കലാരൂപം സംഘം ചേർന്ന് ആസ്വദിക്കപ്പെടുന്ന ഒന്നാണ്. സംഗീതമോ ശില്പമോ ചിത്രമോ സാഹിത്യമോ ഏകാന്തതയിലിരുന്ന് ഒരാൾ ആസ്വദിക്കുമ്പോൾ ലഭിക്കുന്ന പൂർണ്ണത സിനിമയെന്ന കലാരൂപത്തിന് ഏകാന്തതയിൽ ലഭിക്കുന്നില്ല. അതുകൊണ്ടാണ്, നമുക്ക് സിനിമാ പ്രദർശനശാലകൾ - തീയേറ്ററുകൾ - ഉണ്ടായത്. അവിടെ പ്രവേശിക്കുന്ന ആസ്വാദകസമൂഹം ഏകമനസ്കരായിത്തീരുന്നു. ഇവിടെ ആസ്വാദക സമൂഹത്തിലെ ഒരു വ്യക്തിയുടെ പ്രതികരണം മറ്റുള്ളവരിലേക്കും അവരറിയാതെതന്നെ സംക്രമിക്കും. ഈ രീതി മറ്റു കലാരൂപങ്ങളുടെ ആസ്വാദനരീതിയിൽനിന്ന് വ്യത്യസ്തമാണ്. തീയേറ്ററിൽ എത്രനാൾ ഓടി, എത്രപേർ കണ്ടു, എത്ര വരുമാനമുണ്ടായി എന്ന അടിസ്ഥാനത്തിലാണ് അടുത്തകാലം വരെ ഒരു ചിത്രത്തിന്റെ സാമ്പത്തിക വിജയം കണക്കാക്കിയിരുന്നത്. ഇലക്ട്രോണിക്-ഡിജിറ്റൽ സങ്കേതത്തിന്റെ വിസ്ഫോടനത്തിനുശേഷം എവിടെയിരുന്നും എപ്പോൾ വേണമെങ്കിലും ചിത്രങ്ങൾ കാണാമെന്ന നിലവന്നു. ടി.വി.യും, വീഡിയോയും കാല ദേശഭേദമില്ലാതെ ചിത്രങ്ങൾ നിരന്തരം ഗൃഹാങ്കണങ്ങളിൽ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്നാലും തിയേറ്ററിലെ സിനിമാനുഭവം പലർക്കും വ്യത്യസ്തമാണ്. സദസ്സിന്റെ കൂട്ടായ്മ സാമൂഹ്യ ജീവിയായ മനുഷ്യന് അടിസ്ഥാനപരമായ ഒരാവേശമാണിന്നും. വീടുകളിലോ വാഹനങ്ങളിലോ ഇരുന്ന് നേരമ്പോക്കിനായി ചിത്രങ്ങൾ കാണുന്നതിനെക്കാളും ഗൗരവവും ഏകാഗ്രതയും അനേകം ആളുകളോടൊപ്പം ഇരുളിലിരുന്ന് ഒരു ചിത്രം കാണുമ്പോഴും അതിന്റെ ഗുണമേന്മ വിശകലനം ചെയ്യുമ്പോഴും ഉണ്ടാവും. നവീകൃത സങ്കേതങ്ങളുടെ പൂർണ്ണമായ അനുഭവവും മെച്ചമായ തോതിൽ അവ സജ്ജീകരിച്ച തീയേറ്ററുകളിൽ നിന്നും കിട്ടും. സമാനമായ കലാവബോധവും, ചലച്ചിത്രത്തിന്റെ അടിസ്ഥാന ഘടകങ്ങളെപ്പറ്റി അറിവും ഉള്ള ഒരു ന്യൂനപക്ഷ സദസ്സിനൊപ്പമിരുന്ന് ഫിലിം നിരീക്ഷിക്കുകയും പ്രദർശനത്തിനുശേഷം അതേപ്പറ്റി അനൗപചാരിക സർഗ്ഗ സംവാദം നടത്തുകയും ചെയ്യുമ്പോൾ ഈ അനുഭവം അർത്ഥവത്താകുന്നു. എന്നാൽ വീഡിയോ കാസറ്റും, ഫിലിം മ്യൂസിക്കിന്റെ കാസറ്റും ടി.വി പ്രദർശന റൈറ്റും വിറ്റ് സിനിമയുടെ നിർമ്മാതാവ് ആദായം ഉണ്ടാക്കുമെങ്കിലും തീയേറ്റർ റിലീസിലൂടെയുള്ള വരുമാനമാണ് അയാളെ സാമ്പത്തികമായി ഉയർത്തുകയും തളർത്തുകയും ചെയ്യുന്നത്. ആ സൃഷ്ടിയുടെ വ്യാപാരപരമായ കരുത്ത് നിർണ്ണയിക്കപ്പെടുന്നതും അവിടെയാണ്.

കോവിഡ് എന്ന മഹാമാരിയും അതുമായി ബന്ധപ്പെട്ട ആൾക്കൂട്ടവിലക്കുകളും ശാരീരികാകലനിയന്ത്രണങ്ങളും സിനിമയുടെ ആസ്വാദനചക്രത്തെ തകർത്തിരുന്നു. അക്കാലത്തെ ചലച്ചിത്രകല അന്നോളമില്ലാതിരുന്ന പ്രതിസന്ധികളെ നേരിട്ടു. ഈ അനിശ്ചിതത്വം മൂലമാണ് സിനിമാപ്രദർശനത്തിന് തീയേറ്റർ വിട്ടുള്ള മറ്റു മാർഗങ്ങൾ ചലച്ചിത്ര പ്രവർത്തകർ തേടിക്കൊണ്ടിരിക്കുന്നത്. ഈ പ്രതിസന്ധിയെ തരണം ചെയ്യുന്നതിനുള്ള പരിശ്രമങ്ങൾ സിനിമാരംഗത്തെ കലാകാരൻമാരിൽ നിന്നുണ്ടായി. അതിന്റെ ഭാഗമായാണ് പൂർത്തിയായ ചിത്രങ്ങളുടെയെങ്കിലും പ്രദർശനം അനിശ്ചിതമായി നീട്ടിവയ്ക്കാതെ തീയേറ്ററിൽ നിന്ന് വ്യത്യസ്തമായ പ്ലാറ്റ്ഫോമുകളിലൂടെ പ്രദർശിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ. നിർമ്മാതാക്കൾ മുടക്കിയ പണം മൃതസമാനമായി ഏറെനാൾ മരവിപ്പിച്ചു നിറുത്തുന്നതിന് അവർ തയ്യാറാവില്ല. വിർച്വൽ ആയ വിനിമയ രീതികളിലേയ്ക്കും ഡിജിറ്റൽ സംവിധാനത്തിലേക്കും കൂടുതൽ പേർ മാറി. സിനിമയുടെ സാമ്പ്രദായികമായ വിതരണ - പ്രദർശന സംവിധാനങ്ങൾക്ക് കോവിഡ് മഹാമാരിയുടെ കാലത്തുണ്ടായ ഇടിവ് പതിയെ നികന്നുവന്ന് കോടികൾ സൃഷ്ടിച്ച കണക്കാണ് നിലവിലുള്ളത്.

ഒ.ടി.ടി പ്ലാറ്റ്ഫോമുകളിലെ കലാസ്വാദനം

തീയേറ്ററിൽ മാത്രമല്ല പ്രേക്ഷകർ ഇന്ന് സിനിമ കാണുന്നത്. ടെലിവിഷനിലും മൊബൈൽ ഫോണിലും കമ്പ്യൂട്ടറിലും



ഒക്കെ വീട്ടകങ്ങളിലിരുന്ന് ഇന്ന് സിനിമ ആസ്വദിക്കപ്പെടുന്നു. തീയേറ്ററിലെ വിശാലമായ തിരശ്ശീല ഇന്ന് സിനിമാപ്രദർശനത്തിന് അവശ്യവസ്തു അല്ലാതായിത്തീർന്നിരിക്കുന്നു. അതിലൂടെ, ഒരു പുതിയ ദൃശ്യസംസ്കാരവും രൂപം കൊള്ളുന്നുണ്ട്. ടെലിവിഷനെയും മറ്റും ലക്ഷ്യമാക്കിക്കൊണ്ടുള്ള ചലച്ചിത്ര നിർമ്മാണം ഇവിടെ ആവശ്യമായി വരുന്നു. പ്രമേയപരമായും ആഖ്യാന സവിശേഷതകളാലും തീയേറ്റർ പ്രദാനം ചെയ്യുന്ന അനുഭവത്തിൽ നിന്നും വേറിട്ടു നില്ക്കുന്ന അനുഭവം പ്രദാനം ചെയ്താൽ മാത്രമേ അത്തരം പുതിയ നിർമ്മിതികൾക്ക് സ്വീകാര്യത ലഭിക്കുകയുള്ളൂ. ചലച്ചിത്രത്തിലെ ലോംഗ്-വൈഡ്ഷോട്ടുകൾ വരെ അപ്രസക്തമാകുന്നു. മനുഷ്യൻ മനുഷ്യനെ കൂടുതൽ അടുത്ത്, കൂടുതൽ വലിപ്പത്തിൽ കണ്ടുതുടങ്ങുന്നു. അപ്പോഴും തീയേറ്ററുകളിൽ ഒത്തുകൂടുന്ന പ്രേക്ഷകരുടെ സാമൂഹ്യാനുഭവം അവർക്ക് ലഭിക്കുന്നുമില്ല.

തിയേറ്ററുകളിൽ നിന്നുള്ള സിനിമയുടെ പുറത്താകൽ, കോവിഡ് മഹാമാരി ഉണ്ടായിരുന്നില്ലെങ്കിൽ പോലും, ഒരു പക്ഷേ, സംഭവിച്ചേക്കാമായിരുന്ന പ്രതിഭാസമാണ്. മുമ്പ്, ലോകത്തിന്റെ മറ്റ് ഭാഗങ്ങളിൽ നിന്നുള്ള ഒരു ഷോയോ പരമ്പരയോ കാണുന്നത് അത്ര എളുപ്പമായിരുന്നില്ല. എന്നാൽ ഇപ്പോൾ ഇന്ത്യയിലോ മറ്റേതെങ്കിലും രാജ്യത്തോ ഉള്ള എല്ലാവരും ഗെയിം ഓഫ് ത്രോൺസ്, മണി ഹീസ്റ്റ്, സ്കിഡ് ഗെയിമുകൾ തുടങ്ങിയ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രശസ്തമായ വെബ് സീരീസുകളും വ്യത്യസ്ത ഭാഷകളിലും കാണുന്നു. സ്വദേശത്തും വിദേശത്തും രൂപം കൊള്ളുന്ന ടെലി സീരിയലുകളോട് യുവജനങ്ങൾ കാട്ടുന്ന ആഭിമുഖ്യം നമ്മുടെ തീയേറ്റർ സംസ്കാരത്തെത്തന്നെ അട്ടിമറിക്കുകയാണ്. സിനിമയ്ക്കുള്ളതിനെക്കാളേറെ പ്രേക്ഷകർ ടെലിസീരിയലുകൾക്കുണ്ട് എന്നതാണ് യാഥാർത്ഥ്യം. പ്രദർശനരീതികൾ മാറുമ്പോൾ സിനിമയും അതിന്റെ സങ്കേതങ്ങളും അതിനനുസൃതമായി മാറേണ്ടി വരും. വീട്ടകങ്ങളിലിരുന്ന് സിനിമ കണ്ടാലും മതി എന്നൊരു തീരുമാനത്തിലേക്ക് പ്രേക്ഷകർ മാറിക്കൂടെന്നില്ല. അങ്ങനെവന്നാൽ, ഒ.ടി.ടി. പ്ലാറ്റ്ഫോം അനന്തസാധ്യതകളാണ് സിനിമാ പ്രവർത്തകർക്കു മുന്നിൽ തുറക്കുന്നത്. പക്ഷേ, അതിനു പാകമായ വിധത്തിൽ സിനിമകളും നിർമ്മിക്കേണ്ടി വരുമെന്നതാണ് ഇവിടെ ഉയരുന്ന വെല്ലുവിളി.



നഷ്ടമാകുന്ന പൊതു ഇടങ്ങൾ

പുതിയ പ്ലാറ്റ്ഫോമിലെ ചിത്രപ്രദർശനത്തിന് നിശ്ചിത സമയക്രമമില്ല. ഇത് പ്രേക്ഷകർക്ക് പുതിയ സ്വാതന്ത്ര്യം നൽകുന്നു. എവിടെയും എപ്പോഴും സിനിമ ദർശനപരിസരത്തിലെത്തുക എന്നത് ഒരു ചെറിയ കാര്യമല്ല. അതേസമയം, ഈ വേദിക്ക് തീയേറ്ററിലെ സിനിമയ്ക്ക് ലഭിക്കുന്ന ആരാധകവൃന്ദമോ താരപ്പൊലിമയോ ഉണ്ടായിട്ടുമില്ല.

പ്രേക്ഷകരെ സംബന്ധിച്ച് ഒട്ടേറെ സൗകര്യങ്ങളും ആനുകൂല്യങ്ങളുമാണ് ഒ.ടി.ടി. വേദികൾ ഇന്നു നൽകുന്നത്. കമ്പോള യുക്തിക്കനുസൃതമായി തങ്ങളുടെ പരിപാടികൾ പുന:ക്രമീകരിക്കുന്നതിന് അവർക്ക് എളുപ്പം കഴിയുന്നതാണ്. അതിനാവശ്യമായ ഡാറ്റാശേഖരണം നടത്തുന്നതിനുള്ള സംവിധാനങ്ങളും അവർക്കുണ്ട്. പ്രേക്ഷകരുടെ അഭിരുചിക്കും അവരുടെ എണ്ണത്തിനും അനുസരിച്ച് അവതരിപ്പിക്കപ്പെടുന്ന പരിപാടികളുടെ രൂപഘടന എളുപ്പത്തിൽ മാറ്റി നിർണ്ണയിക്കുന്നതിനും അവർക്കു കഴിയുന്നു. ചുരുക്കത്തിൽ, സിനിമ-ടെലിവിഷൻ മാധ്യമങ്ങളെക്കാൾ പ്രേക്ഷകർക്കു കൂടുതൽ സൗകര്യപ്രദമായ പുതു മാധ്യമങ്ങൾ എത്തിക്കഴിഞ്ഞിരിക്കുന്നു. ഇതൊരു ചെറിയ വെല്ലുവിളിയല്ല എന്നതാണു യാഥാർത്ഥ്യം.

എന്നാൽ സാമ്പ്രദായികമട്ടിൽ സിനിമാപ്രദർശനം നടക്കുന്ന തീയേറ്ററുകളിലെ സാമൂഹ്യാത്മകത ടെലിവിഷനോ മറ്റു പ്രദർശനവേദികൾക്കോ പ്രേക്ഷകർക്കു നൽകുവാനാവില്ല. ഒരു സാമൂഹ്യജീവിയായ, ആൾക്കൂട്ടത്തിൽ അഭിരമിക്കുന്ന മനുഷ്യനെ തീയേറ്ററിലേക്ക് ആകർഷിക്കുന്നതും ഈ 'പബ്ളിക്നെസ്സ്' ആകുന്നു. അതുകൊണ്ടാണ്, തീയേറ്ററിൽ നിന്നും ലഭിക്കുന്ന ദൃശ്യാനുഭവത്തെ മറ്റൊരുവേദിയിൽ നിന്നു ലഭിക്കുന്ന ദൃശ്യാനുഭവവുമായി തുലനം ചെയ്യുന്നതിനുപോലും പ്രേക്ഷകർ തയ്യാറാകാത്തത്. തീയേറ്റർ ഒരു പരസ്യ ഇടം ആണ്.

അതേസമയം തന്നെ പ്രേക്ഷകരെന്നനിലയിൽ വീട്ടകങ്ങളിൽ കിട്ടാത്ത സ്വാതന്ത്ര്യം അവർക്ക് തീയേറ്ററിൽ കിട്ടുകയും ചെയ്യും. തീയേറ്ററുകളിലേയ്ക്ക് അവർ ആകർഷിക്കപ്പെടുന്നതിന് ഒരു കാരണവും ഇതുതന്നെയാണ്.

കോവിഡാനന്തരസിനിമ അത്രയേറെ പ്രേക്ഷക ശ്രദ്ധ കൈവരിച്ചത് ഇതുകൊണ്ടൊക്കെയാണ്. അങ്ങനെ മാറുന്ന സിനിമാരംഗത്ത് രണ്ടു സാധ്യതകൾ ഉണ്ടായിട്ടുള്ളതായി കാണാം.. കോർപ്പറേറ്റ് മുതലാളിത്തശക്തികൾ ലാഭേച്ഛയോടുകൂടി മാത്രം കൈകാര്യം ചെയ്യുന്ന ഇന്നത്തെ നിർമ്മാണ-ചിത്രീകരണ- പ്രദർശനരീതികൾ ആട്ടിപ്പായിക്കപ്പെട്ടേക്കാം. മറ്റൊന്ന്, ജനകീയ പങ്കാളിത്തത്തോടെയുള്ള ജനപക്ഷ സിനിമകൾ കൂടുതലായി രൂപപ്പെട്ടേക്കാം.

വിതരണത്തിന്റെ ജനാധിപത്യവൽക്കരണം

പരമ്പരാഗതമായി ഏതെല്ലാം ഉള്ളടക്കത്തിന് പ്രേക്ഷകരിൽ എത്തിച്ചേരാൻ കഴിയുമെന്ന് നിർണ്ണയിച്ചിരുന്ന പല മാനദണ്ഡങ്ങളും ഒ.ടി.ടി പ്ലാറ്റ്ഫോമുകൾ തകർത്തിട്ടുണ്ട്. തിയറ്റർ റിലീസുകളുടെയും ബ്രോഡ് കാസ്റ്റ് ടെലിവിഷന്റെയും കാലഘട്ടത്തിൽ നിന്ന് വ്യത്യസ്തമായി, ചുരുക്കം ചില കുത്തകകൾ വിതരണ ചാനലുകൾ നിയന്ത്രിച്ചിരുന്നു. സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകൾ വൈവിധ്യമാർന്ന ശബ്ദങ്ങൾക്കും പരീക്ഷണാത്മക കഥപറച്ചിൽ രൂപങ്ങൾക്കും ഇടം സൃഷ്ടിച്ചിട്ടുണ്ട്. സ്വതന്ത്ര ചലച്ചിത്ര നിർമ്മാതാക്കൾക്ക് ഇപ്പോൾ പരമ്പരാഗത സ്റ്റുഡിയോ സിസ്റ്റങ്ങളെ മറികടക്കാൻ കഴിയുന്നു. മൂല്യവത്തായ ഉള്ളടക്കത്തിന് തിയറ്റർ വിതരണകരാറുകളുടെ സഹായമില്ലാതെ അന്താരാഷ്ട്രവിപണിയിൽ ആഗോളപ്രേക്ഷകരെ കണ്ടെത്താനുള്ള സാധ്യതകൾ ഇന്നുണ്ട്.

സിനിമയുടെ സദസ്സ് വളരെ വിപുലമാണ്. സംവിധായകൻ എന്ന സ്രഷ്ടാവും ചിത്രം എന്ന സൃഷ്ടിയും പ്രേക്ഷക സമൂഹവും തമ്മിലുള്ള അകൽച്ചയെ ഒരു പരിധിവരെ ലഘൂകരിക്കാൻ ഒ.ടി.ടി പ്ലാറ്റ്ഫോമുകൾക്ക് കഴിഞ്ഞിട്ടുണ്ട്. സ്ഥലകാല പരിമിതികളെ മറികടക്കൽ, ആഗോളസംസ്കാരവുമായുള്ള ബന്ധപ്പെടുത്തൽ, തിരഞ്ഞെടുപ്പിലെ സ്വാതന്ത്ര്യം, മുൻഗണനകളെ തിരിച്ചറിഞ്ഞുകൊണ്ടുള്ള നിർദ്ദേശങ്ങൾ, സുഗമമായ ലഭ്യത, ലളിതമായ നിബന്ധനകൾ തുടങ്ങിയ ഘടകങ്ങൾ ഒ.ടി.ടി പ്ലാറ്റ്ഫോമുകളെ ജനപ്രിയമാക്കുന്നു. അതേസമയം സിനിമയ്ക്ക് പിന്നിലെ ആൾക്കൂട്ട മനശ്ശാസ്ത്രം പ്രേക്ഷകരെ തീയേറ്ററുകളിലേക്കെത്തിക്കുകയും ചെയ്യുന്നു.



പോറ്റമ്മ





T Aswathy
III BA Malayalam

പോറ്റമ്മയുടെ പാലാവോളം
മോന്തിക്കുടിച്ചവർക്കൊരുനാളിലുള്ളിലൊരു
'പച്ചമരുന്നിൻ രുചി' തികട്ടി വന്നു.
അതിനതിമോഹത്തില–
വർക്കൊരുമോഹമുണ്ടായ്, ഒരതിമോഹമുണ്ടായ്.

സൂര്യനെ പൊട്ടായ് തൊട്ടുണരു'മമ്മ തൻ
തൊടുകുറിയാം സിന്ദൂരച്ചുവപ്പു മായ്ക്കണം,'
രാത്രിയുടെ മറനീക്കത്തിനായ് കാക്കാതവർ
കത്തുന്ന സൂര്യൻ സാക്ഷിയായാ മഹായാഗത്തിനിറങ്ങി,
മാർചുരന്നൊഴുക്കിയ പാൽ കുടിച്ച്
തെഴുത്ത വിഷസർഷങ്ങളുടെ വിഷം തീണ്ടിയമ്മമനം തേങ്ങി.

പെറ്റമ്മതൻ കണ്ണീർ കനലായഗ്നിയായ്
മക്കളുടെ ഹൃദയത്തിൽ ജ്വലിച്ചു,
അമ്മതൻ തൊടുകുറിയവരുടെ രക്തത്താൽ ചുവന്നു..
തുടുത്തു..
ഇടതുമാറിലെ പാൽ പാഷാണമായ് പിരിഞ്ഞനാൾ
വലതു മാറമൃത് ചുരത്തിയമ്മയെക്കാത്തു.

അന്നൊരിക്കൽകൂടിയമ്മതൻ മാർ ചുരന്നൊഴുക്കി
ഒഴുക്കിയത് ചുടുചോരയെന്നു മാത്രം.!
മുന്നിൽ ചോരയിൽ കുളിച്ചുകിടക്കുന്ന മക്കളെ കണ്ടവൾ
കരഞ്ഞു, കലിപൂണ്ടു,

കാരണം അവളമ്മയാണ്
പെറ്റതായാലും പോറ്റിയതായാലും...!
അമ്മയെന്നും അമ്മതന്നെ.





Elizabeth Biju
I DC B.COM (Aided)

വില കൊടുക്കാനാവാത്തവൾ

സ്ഥിരമായി പത്രവായന ഉള്ളവനാണ് ശ്രീഹരി. പക്ഷെ ഇന്നലെ അവനെ പത്രം വായിക്കാൻ അനുവദിക്കാതെ ഞങ്ങൾ പലയിടത്തേക്കും കൊണ്ടുപോയി. അവൻ പത്രം വായിക്കരുതെന്ന് ഞങ്ങൾക്ക് നിർബന്ധമുണ്ടായിരുന്നു. പക്ഷെ സാധിച്ചില്ല. ഇന്നലത്തെ യാത്രയെല്ലാം കഴിഞ്ഞ് തിരികെ വരുമ്പോൾ ഇടയ്ക്ക് വെള്ളം കുടിക്കാൻ ഞങ്ങൾ വഴിയ്ക്ക് ഒരിടത്ത് നിർത്തി.

ആ പെട്ടിക്കടയുടെ മുന്നിൽ തൂക്കി ഇട്ടിരുന്ന അവസാനത്തെ പത്രം സത്യത്തിൽ ഞങ്ങളുടെ കണ്ണിൽ പെട്ടില്ല. അവൻ അത് കണ്ടുപിടിക്കുകയും മേടിച്ചു വായിക്കുകയും ചെയ്തു. വാഹനത്തിൽ ഇരുന്ന് വെള്ളം കുടിച്ചിരുന്ന ഞങ്ങൾ രണ്ടുപേരും അത് ശ്രദ്ധിച്ചിരുന്നില്ല.

പെട്ടിക്കടയുടെ അരികിൽ നിന്നിരുന്ന ശ്രീഹരിയുടെ കയ്യിൽനിന്ന് ഗ്ലാസ്സ് നിലത്തുവീണുടയുന്ന ശബ്ദം കേട്ട് ഞെട്ടിത്തിരിഞ്ഞ് നോക്കിയ ഞങ്ങൾ ആ കാഴ്ച കണ്ടമ്പരന്നു.

തരിച്ചു വിറച്ചുകൊണ്ട് നീട്ടിപിടിച്ച പത്രത്തിലേക്ക് കണ്ണ് തൊടുക്കുന്ന ശ്രീഹരി. ഓടിച്ചെന്ന് കാറിലേക്ക് കൊണ്ടിരുത്തിയെങ്കിലും ചലനമില്ലാതെ അവൻ തരിച്ചിരുന്നു. മണിക്കൂറുകൾക്ക് ശേഷമാണ് അവനൊന്നു കരഞ്ഞുതുടങ്ങിയത്. സത്യത്തിൽ ഞങ്ങൾക്ക് അന്നേരമാണ് സമാധാനമായത്. അവൻ ഒന്നുപൊട്ടിക്കരഞ്ഞിരുന്നെങ്കിൽ എന്ന് ഞങ്ങൾ അത്രമേൽ ആഗ്രഹിച്ചിരുന്നു.

പത്തുവർഷത്തോളം ജീവനുതുല്യം സ്നേഹിച്ചിരുന്നവളെ വീട്ടുകാർ നിർബന്ധപൂർവ്വം മറ്റൊരാൾക്ക് കൈപിടിച്ചു കൊടുക്കുമ്പോൾ അവൻ വിദേശത്തായിരുന്നു. വിവാഹവാർത്ത അറിഞ്ഞ് നാട്ടിൽ വന്നതിന് ശേഷം പിന്നീട് അവൻ തിരിച്ചു പോയിട്ടില്ല. പുസ്തകങ്ങളും വായനയും എഴുത്തുമായി ഒരു പ്രത്യേകതരം ജീവിതം.

‘അവൾക്ക് വേണ്ടിയല്ലെങ്കിൽ പിന്നെ ഞാൻ ആർക്ക് വേണ്ടിയാണ് സമ്പാദിക്കേണ്ടത്?’ എന്നാണ് അവന്റെ ചോദ്യം. അത് ശരിയായിരുന്നു. അച്ഛനെയും അമ്മയെയും നഷ്ടപ്പെട്ട അവന് അവൾ എല്ലാമായിരുന്നു. അങ്ങനെ ഒരാൾകൂടി ജീവിതത്തിൽ ഇല്ലെങ്കിൽ അവനൊരാൾക്കു ജീവിക്കാൻ എന്തിനാണ് ഇത്രയേറെ സമ്പത്ത്.

അവന്റെ കൈയിൽ നിന്ന് പത്രം വാങ്ങിച്ചു ഞാൻ ആ വാർത്ത നോക്കി. ‘സ്ത്രീധനം കുറവ്: യുവതിയെ പട്ടിണിക്കിട്ട് കൊലപ്പെടുത്തി.’ അതിന്റെ അടിയിലുള്ള എഴുത്ത് വായിച്ചപ്പോൾ എന്റെ ഹൃദയം നിലച്ചുപോയി. ‘ദിവസങ്ങളോളം പട്ടിണിക്കിട്ട കാരണത്താൽ സ്ത്രീയുടെ ശരീരത്തിൽ പോസ്റ്റ്മോർട്ടം ചെയ്യുമ്പോൾ ആഹാരത്തിന്റെയോ വെള്ളത്തിന്റെയോ അംശം പോലും ഉണ്ടായിരുന്നില്ല... മാത്രമല്ല ശരീരമാസകലം മുറിവുകളേറ്റ പാടുകളും അവശേഷിച്ചിരുന്നു...’

ശ്രീഹരിയുടെ ശ്രേയയെക്കുറിച്ച് ഇങ്ങനെ ഒരു വാർത്ത പുറത്തുവന്നിട്ടുണ്ടെന്നും അത് അവൻ അറിയരുതെന്നും അഖിൽ വിളിച്ചുപറയുമ്പോൾ പോലും ഇത്രമാത്രം ക്രൂരമായ വാർത്തയാണ് അതെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. പിറകിൽ നിന്നും വാവിട്ടു കരയുന്ന അവന്റെ മുഖത്തേയ്ക്ക് നോക്കാനുള്ള ശക്തി എനിക്കുണ്ടായില്ല.

‘എനിക്കു തന്നിരുന്നേൽ ഞാൻ പൊന്നുപോലെ നോക്കില്ലായിരുന്നോടാ....’ ‘ഞാൻ പട്ടിണി കിടന്ന് മരിച്ചാലും ആ വയറൊന്നൊഴിയാതെ ഞാൻ കാത്തേനേല്ലോ..?’

ഇടറുന്ന ആ ശബ്ദം എന്റെ നെഞ്ചിലേക്ക് ആരോ ഭാരമുള്ള കല്ലുകൾ കയറ്റിവച്ചപോലെ നോവ് സമ്മാനിച്ചു. ഞാൻ ഡ്രൈവിംഗ് നിർത്തി കണ്ണുകൾ അമർത്തിത്തുടച്ചു.

‘തിന്നും കുടിച്ചും ഞാൻ ഇവിടെ ജീവിക്കുമ്പോൾ ആ പാവം അവിടെ പട്ടിണി കിടന്നില്ലേ.. വിശന്നും ദാഹിച്ചും ഒന്നുകരയാൻപോലും കണ്ണുനീരില്ലാതെ ആ പാവം അവിടെ മരിച്ചുജീവിക്കുകയായിരുന്നിരിക്കണം അല്ലേ....’

അവൻ വീണ്ടും ആർത്തു നിലവിളിച്ചു കരഞ്ഞു...

സ്റ്റിയറിങ്ങിൽ തലവച്ച് തളർന്നു കിടക്കുമ്പോൾ അവന്റെ തോളിൽ ചാരി ചിരിച്ചുകൊണ്ട് നോക്കുന്ന ശ്രേയയെ എനിക്കോർമ്മ വന്നു. മെല്ലെ മെല്ലെ ആ ചിരി മായുന്നതും ശരീരം മെലിഞ്ഞ് മെലിഞ്ഞ് വരുന്നതും ഞാൻ കണ്ടു.. അതേ തോളിൽ കിടന്ന് ആ കണ്ണുകളടയുന്നതും..



The Unwritten Chapters of Our College Life



Riya Praveen
III DC Chemistry

The college tour of 2022–25 Chemistry batch…

Those were three unforgettable days.

Each day felt like a whole year to us.

During those days, a deep emotional bond emerged from within us something that had never existed before between us, our friends, and even our teachers.

A train journey from Ernakulam railway station to Gokarna, and from there to other destin tions. The trip that began in Gokarna ended in Uduppi.Trekking, water activities, shopping... everything combined to make it a beautiful journey.

I'm thinking about how beautiful those three days of the trip were with Tony Sir and Deepthi Miss.More than just being teachers, they stood with us like fellow students. They supported us in all kinds of joyful moments and never imposed any kind of restrictions. The journey with them was so comfortable. At the same time, we truly missed the presence of our beloved Vidya Miss and Sandra Miss during the trip.

All the mutual complaints, teasing, and grudges seemed to disappear during those three days. After the trip ended in Udupi, we headed to St. Mary's Island the very next day, still dazed by the magic of the previous day. By evening, we boarded the train from Gokarna back to Kerala. Each experience in between was something that words could never fully express.

The memories of those three days, which gifted us such beautiful moments, still remain vividly in our hearts. It feels like such moments may never come again. Those were truly the most beautiful days of our college life...

अधूरा सपना

Jyothika Unnikrishnan
II DC Physics




कभी एक छोटे से गाँव में साहिल नाम का एक बुज़ुर्ग व्यक्ति रहता था। साहिल का जीवन कठिनाइयों से भरा हुआ था। उसके बेटे और बहू की असमय मृत्यु एक दर्दनाक दुर्घटना में हो गई थी। उस घटना के बाद साहिल की दुनिया उजड़ गई, परंतु उसी उजड़ी दुनिया में उसका एकमात्र सहारा उसका पोता था, जिसका नाम लक्ष्य था।

साहिल गाँव में एक सम्मानित और प्रतिष्ठित व्यक्ति माना जाता था। लोग उसकी बातों को ध्यान से सुनते और उसका आदर करते थे। लेकिन उसके मन में एक अधूरा सपना पल रहा था वह चाहता था कि उसका पोता लक्ष्य एक महान तीरंदाज़ बने। यह वही सपना था जिसे उसका बेटा पूरा नहीं कर सका था। साहिल ने ठान लिया था कि अब वह इस सपने को लक्ष्य के माध्यम से पूरा करेगा।

बचपन से ही उसने लक्ष्य को तीर-कमान थमाया। सुबह-शाम अभ्यास करवाता, उसे अनुशासन सिखाता और जीवन की कठिनाइयों से लड़ना भी समझाता। लक्ष्य में प्रतिभा तो थी ही, परंतु उसकी दृढ़ इच्छाशक्ति ने उसे और भी निखारा।

लेकिन महान बनने का रास्ता आसान नहीं था। प्रतियोगिताओं और प्रशिक्षण के लिए भारी खर्च चाहिए था। साहिल ने बिना सोचे-समझे अपनी ज़मीनें, अपने खेत, यहाँ तक कि अपनी आख़िरी संपत्ति तक बेच डालीं। पर पोते से कभी यह सब नहीं कहा, क्योंकि वह नहीं चाहता था कि लक्ष्य बोझ महसूस करे।

लक्ष्य बड़ा हुआ। उसने भी अपने खर्च कम करने के लिए बच्चों को तीरंदाज़ी सिखाना शुरू किया। क्लब ने उसे छात्रवृत्ति भी दी। इसी बीच साहिल का स्वास्थ्य बिगड़ने लगा। उसे ह्रदय रोग था, लेकिन उसने कभी इलाज नहीं कराया। वह चुपचाप तकलीफ़ सहता रहा, क्योंकि उसके लिए पोते का सपना ही सबसे बड़ा इलाज था।



समय आया जब लक्ष्य ने विश्व तीरंदाज़ी प्रतियोगिता में हिस्सा लिया। पहले ही चरण में उसने जीत दर्ज की। इस प्रतियोगिता में उसका सामना अजय नामक एक नामी तीरंदाज़ से हुआ। अजय हमेशा विजेता रहता था और लक्ष्य का वरिष्ठ भी था। परंतु दूसरे चरण में जब लक्ष्य ने अजय को पराजित किया, तो अजय के अहंकार को गहरी चोट लगी। वह लक्ष्य का दुश्मन बन बैठा।

लक्ष्य के जीवन में एक और सहारा था उसकी प्रेमिका पूजा। वह उसे प्रोत्साहित करती और हिम्मत देती थी। परंतु प्रतियोगिताओं के बीच अचानक साहिल को दिल का गंभीर दौरा पड़ा और उनकी मृत्यु हो गई। यह समाचार सुनते ही लक्ष्य की दुनिया अंधेरी हो गई। वह टूट गया। मैदान में अब उसे हर जगह अपने दादाजी की छवि नज़र आने लगी। उसकी तीरंदाज़ी पर ध्यान ही नहीं रहा।

धीरे-धीरे वह अवसाद में डूबने लगा। तभी उसके एक मित्र ने, ध्यान केंद्रित करने के बहाने, उसे नशे की दवाएँ दीं। यह सब अजय की चाल थी। लक्ष्य ने नशे के सहारे कुछ प्रतियोगिताएँ जीतीं और पुरस्कार भी पाए, परंतु यह जीत असली नहीं थी। सेमीफ़ाइनल के समय जब उसे नशा नहीं मिला, तो वह बेचैन होकर इधर-उधर भटकने लगा। तभी अजय ने उस पर हमला किया और उसका हाथ घायल कर दिया। मामला खुला और सबको पता चल गया कि लक्ष्य नशा करता था।

राष्ट्रीय परिषद ने उसे तुरंत प्रतिबंधित कर दिया। उसकी प्रेमिका और साथी सबने उससे मुँह मोड़ लिया। अपमान और अकेलेपन से टूटकर लक्ष्य आत्महत्या करने निकल पड़ा। किन्तु ईश्वर को शायद

कुछ और ही मंज़ूर था। उसी समय एक व्यक्ति ने उसे बचा लिया। उसका नाम था गोपी। गोपी भी कभी तीरंदाज़ बनना चाहता था, लेकिन एक दुर्घटना में उसकी आँखें चली गई थीं। उसका सपना अधूरा रह गया था। उसने लक्ष्य को अपने घर लाकर समझाया "सपने टूटते नहीं, उन्हें बस नए रास्ते मिलते हैं।"

गोपी ने लक्ष्य को आयुर्वेदिक उपचार दिलाया। धीरे-धीरे लक्ष्य ने उसकी मदद करनी शुरू की और जीवन में फिर से एक उद्देश्य पाया। छह महीने बाद डॉक्टर ने साफ कह दिया कि लक्ष्य का दायाँ हाथ कभी ठीक नहीं होगा। यह सुनकर लक्ष्य निराश हो गया।

तभी गोपी ने कहा "मैं तुम्हारे दाएँ हाथ का इलाज नहीं कर रहा था, बल्कि तुम्हारे बाएँ हाथ को मज़बूत बना रहा था। क्या तुम्हें पता है, तीरंदाज़ी में दाएँ हाथ की केवल दस प्रतिशत ताक़त की ज़रूरत होती है? अगर तुम चाहो तो बाएँ हाथ से भी वही कर सकते हो।"

लक्ष्य की आँखों में फिर से उम्मीद की किरण जगी। उसने बाएँ हाथ से कठिन अभ्यास शुरू किया। महीनों की मेहनत के बाद उसने राष्ट्रीय परिषद से क्षमा माँगी। परिषद ने उसे चेतावनी देकर एक आख़िरी अवसर दिया।

लक्ष्य ने फिर से विश्व तीरंदाज़ी प्रतियोगिता में हिस्सा लिया। फ़ाइनल में अजय भी उतरा, लेकिन वह पहले ही मैच में हार गया। इस हार ने अजय को विनम्र बना दिया। उसने लक्ष्य से क्षमा माँगी और मित्रता का हाथ बढ़ाया।

अंतिम मुकाबले में पूरा स्टेडियम साँस रोके बैठा था। लक्ष्य ने पहले अपने बाएँ हाथ से निशाना साधा। फिर निर्णायक पल में उसने अपने घायल दाएँ हाथ को उठाया। उस हाथ में दादाजी की छवि थी, उनकी तपस्या थी, उनका सपना था। उसने तीर चलाया और निशाना बिल्कुल सही लगा।

स्टेडियम तालियों से गूँज उठा। लक्ष्य विश्व चैंपियन बन चुका था।

उसने पूजा से जाकर माफ़ी माँगी और सबसे बढ़कर, उसने अपने दादाजी साहिल का सपना पूरा कर दिखाया।





ഓർമ്മയുടെ നിലാവഴികൾ



Reshma Jose
Research Scholar
Department of English

അദ്ധ്യാപകർക്കുള്ള അനുഭവക്കുറിപ്പ് മത്സരത്തെക്കുറിച്ച് പത്രത്തിൽ കണ്ടപ്പോഴാണ് വെറുതെ മനസ്സിൽ പരതി നോക്കിയത്. 4-5 വർഷത്തെ കോളേജ് അദ്ധ്യാപനകാലത്തെ മറക്കാനാവാത്ത അനുഭവം ഏതാണെന്ന്! ഗവേഷണവുമായി ബന്ധപ്പെട്ട് കുറച്ചധികം നാളുകളായി അദ്ധ്യാപനത്തിൽ നിന്ന് മാറിനിൽക്കുന്നെങ്കിലും, 'Once a teacher, always a teacher' എന്ന് കേട്ടിട്ടുള്ളത് ഭംഗിവാക്കല്ലെന്ന് പലവട്ടം തിരിച്ചറിഞ്ഞിട്ടുണ്ട്. ഒരുപാടില്ലെങ്കിലും കുടുംബം പോലെ പ്രിയപ്പെട്ടവരായി മാറിയ പഴയ വിദ്യാർഥികൾ.. അദ്ധ്യാപിക എന്നല്ല, പറയത്തക്ക ആരുമല്ലാത്തൊരു വനവാസകാലത്തും എല്ലാ സെപ്റ്റംബർ 5നും മുടങ്ങാതെ തേടി വരുന്ന ആശംസകൾ, ഹൃദയ ഇമോജിയിൽ മിടിച്ചുനിൽക്കുന്ന മറന്നിട്ടില്ല എന്ന ഓർമപ്പെടുത്തൽ.. റെയിൽവേസ്റ്റേഷനിലും മാളിലും തീയേറ്ററിലും, അങ്ങനെ എത്ര ആൾക്കൂട്ട ഇടങ്ങളിൽ വെച്ച്, തീർത്തും അപ്രതീക്ഷിത മായി മിസ്സേ എന്നുള്ള വിളി കേട്ടിരിക്കുന്നു! തിരിഞ്ഞുനോക്കുമ്പോൾ ഹൃദയംതൊട്ട മുഖങ്ങളും ഓർമ്മകളും ഒരുപാടുണ്ട്. എങ്കിലും സങ്കടപ്പെടുത്തുന്നൊരു മുഖം ആർഷയുടേതാണ്. പ്രിയ കൂട്ടുകാരിക്ക് ആദരാഞ്ജലികൾ, ആർഷ പ്രകാശ് (20), ബിഎ ഇംഗ്ലീഷ് മൂന്നാംവർഷബിരുദ വിദ്യാർത്ഥിനി എന്നെഴുതിയ, ചിരിക്കുന്ന മുഖമുള്ളൊരു കാർഡ് ഇപ്പോഴുമെന്റെ പഴയ ഡയറി ക്കുള്ളിലുണ്ട്. 5 വർഷത്തിലേറെ കഴിഞ്ഞിട്ടുണ്ടാവും, ഫേസ്ബുക്കിലോ അതുമല്ലെങ്കിൽ കോളേജ് മാഗസിനിലോ ആർഷയെക്കുറിച്ച് എഴുതണമെന്ന് ആ സമയത്തു തോന്നിയിരുന്നു. കടന്നുപോയ വരെ പറ്റി എഴുതുന്നതിലെ അനൗചിത്യങ്ങളെക്കുറിച്ചുള്ള ആശങ്കയിൽ തട്ടിയാവാം, ഡയറിത്താളു കൾക്കിടയിലെ സ്വകാര്യതയിൽ ആ ഫോട്ടോ മാത്രം ബാക്കിയായി.

ഡിപ്പാർട്മെന്റിലെ സീനിയറായ അദ്ധ്യാപകൻ അവിചാരിതമായി കടന്നുപോയ ഒഴിവിലേക്കാണ് ഗസ്റ്റ് അദ്ധ്യാപികയായി ഞാൻ ചെല്ലുന്നത്. പരമബോറും പഠിച്ചു മാർക്കു വാങ്ങാൻ കുറച്ചധികം ബുദ്ധിമുട്ടേണ്ടതും എന്നൊക്കെ കുട്ടികളുടെ ഇടയിൽ ചീത്തപ്പേരുള്ള ഒരു ടെക്സ്റ്റിന്റെ സിംഹഭാഗം ആയിരുന്നു എനിക്ക് അനുവദിച്ചു കിട്ടിയത്. പരീക്ഷക്ക് വളരെ ചെറിയ സമയം മാത്രം ബാക്കി ഉണ്ടായിരുന്നതുകൊണ്ട് തന്നെ, എങ്ങനെയും പോർഷൻ കവർ ചെയ്യുക എന്നുള്ളതായി എന്റെ ദൗത്യം. വരണ്ട തിയറി ആണ് പഠിപ്പിക്കുന്നതെങ്കിലും, ആഴ്ചയിൽ ഏറ്റവും കൂടുതൽ അവറുക ളുള്ള പേപ്പർ ആണെങ്കിലും, കുറ്റോം കുറവും ഉള്ള ജൂനിയർ അദ്ധ്യാപിക ആണെങ്കിലും, പതിയെ അവരുടെ കൂട്ടത്തിലൊരാളായി പിള്ളേർ കരുതിത്തുടങ്ങി. വിഷയത്തിന്റെ വിരസതകൊണ്ടും എന്റെ 'നിങ്ങളെ പഠിപ്പിച്ചിട്ടേ വിടൂ' എന്നുള്ള പീഡനം കൊണ്ടും ഉച്ചയ്ക്ക് ശേഷമുള്ള ക്ലാസ്സുകളിൽ

പലരും ഉറക്കം തൂങ്ങുന്നത് പതിവാണ്. മിസ്സിന്റെ ക്ലാസ്സിൽ പിള്ളേരൊക്കെ ഉറക്കമാണല്ലോ എന്ന ചീത്തപ്പേര് എന്റെ കഞ്ഞിയിൽ പാറ്റ ആകുമല്ലോ എന്ന പേടികൊണ്ടാവണം, ഉറങ്ങുന്നെന്ന് തോന്നുന്നവരെ വിളിച്ചെണീപ്പിക്കുക അദ്ധ്യാപകരുടെ പൊതുസ്വഭാവമാണല്ലോ! അങ്ങനെയൊരു ഉച്ചനേരത്തു ക്ലാസിലിരുന്ന് കണ്ണടഞ്ഞു പോകുന്ന ആർഷയെ, ഉറങ്ങുവാണോടോ എന്ന് ഞാൻ ഗൗരവപ്പെട്ടു. അല്ല മിസ്സ് എന്ന് പറഞ്ഞു, ആയാസപ്പെട്ട് ആ കുട്ടി ശ്രദ്ധിച്ചിരിക്കാൻ നോക്കിയത് ഇന്നുമോർമ്മയിലുണ്ട്..

പിന്നെയും കുറേനാൾ കഴിഞ്ഞാണ് സുഖമില്ലാത്ത കുട്ടിയാണെന്നും, കോളേജിൽ വരാനും പഠിക്കാനുമുള്ള ആഗ്രഹം കൊണ്ടുമാത്രം വരുന്നതാണെന്നും കൂടെയുള്ള അദ്ധ്യാപിക പറഞ്ഞറിഞ്ഞത്. ക്ലാസിലിരുന്ന് ഉറക്കം തൂങ്ങുന്നതൊക്കെ കഴിക്കുന്ന മരുന്നുകളുടെ ബാക്കിപത്രമാണെന്ന് അന്നാണ് കുറ്റബോധത്തോടെ തിരിച്ചറിഞ്ഞത്. എനിക്കൊരുപാട് അടുപ്പമുള്ളൊരു കുട്ടിയൊന്നും ആയിരുന്നില്ല ആർഷ, എങ്കിലും എപ്പോളും മുഖത്തുണ്ടായിരുന്ന പുഞ്ചിരിയായിരുന്നു അവളെ ഓർക്കുമ്പോൾ ആദ്യം മനസ്സിൽ വരുന്നത്. ബാച്ച് ടൂറിന് കൂട്ടുകാർക്കൊപ്പം ചെയ്യാൻ പറ്റാത്ത ഏതോ ബീച്ച് ആക്ടിവിറ്റിയുടെ സമയത്ത് കർണാടകയിലെ കടലും നോക്കിയിരുന്ന് ഞങ്ങൾ സംസാരിച്ചത് എന്തിനെക്കുറിച്ചാണെന്നു മറന്നു.. മറക്കാതെ ഓർമ്മയിലുള്ളത് അവളുടെ പ്രസന്നതയും നിറഞ്ഞ ചിരിയുമാണ്. അവസാനമായി കാണാൻ ചെല്ലുമ്പോ കുഞ്ഞുവീടിന്റെ മുറ്റത്തെ പന്തലിൽ, ഉറങ്ങിക്കിടക്കുന്നപോലെ അവൾ.. തലകുനിച്ചാണ് ചടങ്ങുകളൊക്കെ കൂടിയത്. കണ്ണ് നിറഞ്ഞത്, പഠിപ്പിച്ചു തീർക്കുക എന്നതിനപ്പുറത്തു അറിയാതെയും ശ്രദ്ധിക്കാതെയും പോയ പലതിനെയും കുറിച്ചോർത്താണ്. ബേസിക് സൗകര്യങ്ങൾ മാത്രമുള്ളൊരു കൊച്ചുവീട്ടിൽ നിന്ന്, ചുരുങ്ങിയ ബസുകൾ മാത്രം ഓടുന്ന ഉൾപ്രദേശത്തു നിന്ന്, രണ്ടോ മൂന്നോ വണ്ടി മാറിക്കേറി, 2 മണിക്കൂറോളം എടുത്ത് എന്നും കോളേജിൽ വന്നുകൊണ്ടിരുന്ന ആർഷ. അസുഖത്തെ കുറിച്ചോ മറ്റെന്തെങ്കിലും ഇല്ലായ്മകളെ കുറിച്ചോ പരാതിയോ നിരാശയോ അവളുടെ പെരുമാറ്റത്തിലുണ്ടായിരുന്നില്ല. ദൂരക്കാഴ്ചയിൽ ഞാൻ കണ്ട ആർഷയെപ്പറ്റി എന്റെ മനസ്സിലുള്ള ചിത്രം ഇതാണെങ്കിൽ, അവളെ അടുത്തറിഞ്ഞവർക്ക് എത്രയധികം നന്മ പറയാനുണ്ടാവും!

പ്രിവിലെജുകളുടെ നടുവിലും ഞാനടക്കം മനുഷ്യരൊക്കെ എത്ര ശ്രദ്ധയില്ലാതെയാണ് ജീവിതം ഓടി തീർക്കുന്നത്! സമയം, ആരോഗ്യം, അവസരങ്ങൾ, പ്രിയപ്പെട്ടവർ.. മൊബൈൽ സ്ക്രീനിന്റെ ചതുരത്തിനുള്ളിലേക്കു ചിലപ്പോഴെങ്കിലും നമ്മുടെ ലോകം ഒതുങ്ങിപോകുന്നില്ലേ! 20 വർഷം മാത്രം ഈ ലോകത്തുണ്ടായിരുന്നൊരു കുട്ടി ഇപ്പോഴുമെന്നെ ഓർമിപ്പിക്കുന്നത്, ആരോഗ്യത്തോടെ സന്തോഷത്തോടെ ഇവിടെ അനുവദിച്ചുകിട്ടുന്ന സമയത്തിന്റെ വില മനസ്സിലാക്കാനാണ്. നിയോഗത്തിന്റെ വഴിയിൽ അദ്ധ്യാപനം എന്ന അനുഗ്രഹം ഇനിയും കാത്തുനിൽക്കുന്നുണ്ടെങ്കിൽ, ഡിഗ്രികളുടെ യോഗ്യതകൾക്കപ്പുറത്തു കുട്ടികളുടെ ഹൃദയത്തിലേക്ക് ഉൾക്കാഴ്ചയുള്ള ടീച്ചർ ആവാൻ പറ്റണേ എന്ന പ്രാർത്ഥന ബാക്കി! ബോബിയച്ചന്റെ ഒരു പ്രസംഗത്തിൽ പറഞ്ഞതോർക്കുന്നു, അസ്സംബ്ലിയിൽ തലചുറ്റിവീണ കുട്ടിയുടെ വിശപ്പിനേയും ക്ലാസ്സിലെ നിശ്ശബ്ദനായ കുട്ടിയുടെ ശബ്ദമില്ലാത്ത സങ്കടത്തെയും തിരിച്ചറിഞ്ഞാൽ മാത്രമേ നിങ്ങളൊരു നല്ല ടീച്ചർ ആവുന്നുള്ളൂ. അല്ലെങ്കിലത് വെറുമൊരു തൊഴിലാണ്! തിരിച്ചറിവ് തന്നൊരു പ്രിയപ്പെട്ട വിദ്യാർത്ഥിനിയുടെ ഓർമ്മകൾക്ക് മുൻപിൽ അക്ഷരങ്ങൾക്കൊണ്ടീ ശ്രാദ്ധാഞ്ജലി..

World of Vishnu



'ഞങ്ങടെ ദൈവങ്ങളെല്ലാം തോറ്റവരാണ്'



നോവലിസ്റ്റും കഥാകൃത്തും തിരക്കഥാകൃത്തുമായ പി. വി. ഷാജികുമാറുമായി ഡോ. മിനി സെബാസ്റ്റ്യൻ നടത്തിയ അഭിമുഖം.

ഡോ. മിനി സെബാസ്റ്റ്യൻ : ആദ്യത്തെ നോവലിന് മരണവംശം എന്ന പേരിടാനുള്ള കാരണമെന്താണ്?

പി.വി. ഷാജികുമാർ : ആദ്യം ഇതിന് 'റാക്ക്' എന്ന് പേരിടാനിരുന്നതാണ്. റാക്ക് എന്ന് പറഞ്ഞാൽ കാസർഗോഡൻ ഭാഷയിൽ ചാരായം. പിന്നെയത് ചേരില്ല എന്ന് തോന്നി. ഇതിൽ നിറയെ പ്രണയവും മരണവുമാണുള്ളത്. എന്റെ ഭാര്യ ഈ പുസ്തകത്തെക്കുറിച്ച് ഇതിൽ നിറയെ മരണമാണല്ലോ എന്ന് പറഞ്ഞപ്പോൾ താഴെയിരുന്ന് ചിത്രം വരയ്ക്കുന്ന എന്റെ എൽ.കെ.ജി.ക്കാരി മകൾ പറഞ്ഞു 'എന്നാ അച്ഛന്റെ ബുക്കിന് മരണത്തിന്റെ പുസ്തകം എന്ന്' എന്ന്. അതിൽനിന്നാണ് മരണവംശം എന്ന പേരിലേക്ക് എത്തിയത്.

ഡോ. മിനി സെബാസ്റ്റ്യൻ : ഈ നോവലിൽ പ്രകൃതി ഒരു വലിയ സാന്നിദ്ധ്യമാണ്. അതെക്കുറിച്ച് എന്തുപറയാനുണ്ട്?

പി.വി. ഷാജികുമാർ : അതെല്ലാം ഉള്ളീന്ന് വരുന്നതാണ്. പ്രകൃതിയുമായി ബന്ധപ്പെട്ടൊരു ജീവിതാരുന്നു എന്റേതെല്ലാം. അതായത് എന്റെ വീട്ടിലെ വയസ്സായ ആൾക്കാരെല്ലാം പശു വോടൊക്കെ സംസാരിക്കുമായിരുന്നു. എന്റടുത്തെ അമ്മിണിയമ്മ എന്ന സ്ത്രീ സങ്കടം പറച്ചിലൊക്കെ പശൂനേടാരുന്നു. ഇതൊക്കെ കണ്ടുവളർന്നേന്റെ ഫലമാണീ ആഖ്യാനം.

ഡോ. മിനി സെബാസ്റ്റ്യൻ : ഈ നോവലിലെ ദൈവസങ്കല്പം മനുഷ്യരുടെ കൂടെ നടക്കുന്ന ഒരു സുഹൃത്തിനു സമമാണ്. അതെന്താണങ്ങനെ?

പി.വി. ഷാജികുമാർ : ഞങ്ങളുടെ നാട്ടിൽ എല്ലാം ദൈവത്തെ 'നീ' ന്നെല്ലാണ് വിളിക്കല്. ദൈവത്തെ തെറിയൊക്കെ വിളിക്കലുണ്ട്. വീട്ടിലെ പശുക്കുട്ടി ചത്തപ്പോൾ വല്യമ്മ ഭഗവതിയെ ചീത്ത വിളിക്കണ കേട്ടു. ഓള് കൊണ്ടോയീന്നാ പറയണത്. മാത്രോല്ല ഞങ്ങടെ നാട്ടിലെ ദൈവങ്ങളെല്ലാം തോറ്റവരാണ്. തെയ്യമൊക്കെ കണ്ടില്ലേ..തെക്കുള്ള ദൈവങ്ങളൊക്കെ ജയിച്ചവരാണ്. നമ്മൾക്ക് ദൈവംന്നു പറഞ്ഞാൽ നമ്മടെ കൂടെയിരിക്കുന്ന,കൂടെ വർത്താനം പറയണ, ആശ്വസിപ്പിക്കുന്ന അല്ലേൽ കൂടെ മദ്യപിക്കുന്ന ഒരാൾ ആയിട്ടാണ് ദൈവത്തെയെല്ലാം കാണണത്.

ഡോ. മിനി സെബാസ്റ്റ്യൻ : മരണവംശത്തിൽ കാസർഗോഡൻ ഭാഷയുടെ സൗന്ദര്യം നിറഞ്ഞിരിപ്പാണ്.. മനപ്പൂർവ്വമാണോ ഈ ഭാഷ എഴുത്തിലേക്കെടുത്തത് ?



പി.വി.ഷാജികുമാർ : നാട്ടുഭാഷ എനിക്കറിയുന്നത് നാട്ടുഭാഷ... അതില് മൊത്തം നാട്ടുഭാഷ വേണംന്ന് ഞാൻ തീരുമാനിച്ചതാ. കാരണം എനക്കത് നല്ലോണം അറിയാം..കൊറച്ച് കഴിയുമ്പോ ചെലപ്പോ എനക്കത് പറയാൻ പറ്റില്ല..അതിപ്പോ കൊല്ലത്ത് ജോലി ചെയ്തു, കൊച്ചീല് ജോലി ചെയ്തു ഇങ്ങനെ ഈ ക്രോസാവും..അപ്പോ എൻറെ നാവീന്നും ഓർമ്മേന്നും ഇത് പോകും. അപ്പോ അത് രേഖപ്പെടുത്തി വച്ചേ മതിയാകൂന്നൊരാഗ്രഹോണ്ടാരുന്നു. ആ ആഗ്രഹത്തിന്റെ ഫലമായിറ്റാണ് ഇതു വരുന്നത്.

ഡോ. മിനി സെബാസ്റ്റ്യൻ : ഈ കഥ നടക്കുന്ന 'ഏർക്കാന' ഒരു സാങ്കല്പികദേശമാണോ?

പി.വി. ഷാജികുമാർ : എനിക്കു പരിചിതമായ കാസർഗോഡൻ പ്രദേശങ്ങൾ തന്നെ. ഒരുപക്ഷേ എന്റെ നാടായ മടിക്കൈ തന്നെ. പക്ഷേ കഥയിൽ ശരിയായ പേരുവേണ്ട. അങ്ങനെ ഈ കഥ നടക്കുന്ന ഇടങ്ങളെല്ലാം ചേർന്ന് ഏർക്കാനയുണ്ടാകുന്നു.

ഡോ. മിനി സെബാസ്റ്റ്യൻ : ഈ കഥയിലെ സ്ത്രീകൾ..കുഞ്ഞമ്മാറ്, നളിനി,മാധവി എല്ലാരും തന്നെ വളരെ ശക്തരായ കഥാപാത്രങ്ങളാണ്. ഇവരെ സൃഷ്ടിക്കുന്നതിൽ ഷാജിക്ക് മാതൃകയായതെന്താണ്?

പി.വി.ഷാജികുമാർ : അത് എന്റെ നാട്ടിലെ സ്ത്രീകളെല്ലാം ഇങ്ങനെ തന്ന്യാണ്.. എന്റെ അമ്മ, വല്ലിമ്മ.. ഒക്കെയും അവര് ഒരുമിച്ച് പണിക്കിറങ്ങും..കള്ളുകുടിക്കും.. അവരുടെ ജീവിതത്തിൽ അവരെ തീരുമാനങ്ങളെടുക്കും. അതു കണ്ടുവളർന്ന എനിക്ക് സ്ത്രീകളുടെ ശക്തിയറിയാം. അത് കഥയിലും വരുന്നു.

ഡോ.മിനി സെബാസ്റ്റ്യൻ : നോവലിലെ അധ്യായങ്ങൾക്ക് ഒന്നാം നിറം രണ്ടാം നിറം എന്നിങ്ങനെ 18 നിറങ്ങൾ കൊടുക്കാൻ എന്താണ് കാരണം ?

പി.വി. ഷാജികുമാർ : ഞങ്ങളുടെ നാട് പൂരക്കളീടെ നാടാണ്. പിന്നോക്ക വിഭാഗത്തിൽപ്പെട്ട ആളുകൾ കളിക്കുന്നതാണിത്. ഞാൻ പൂരക്കളി കളിച്ചിട്ടുണ്ട്. കാമനെ ശിവൻ കൊല്ലുന്ന കഥയുണ്ട്. ആ കാമനെ തിരിച്ചുവിളിക്കാൻ ഞങ്ങളുടെ നാട്ടുകാർ കളിക്കുന്ന കളിയാണ് പൂരക്കളി.ഒന്നു മുതൽ 18 വരെയാണ് അതിന്റെ പ്രധാനപ്പെട്ട നിറം, തരംന്നും പറയും. സ്നേഹത്തെ തിരിച്ചുവിളിക്കുന്ന, ആസക്തിയെ തിരിച്ചുവിളിക്കുന്ന കളിയായിട്ടാണ് ഞാനതിനെ കാണുന്നത്. ഒന്നാം നിറം പതുക്കെ .. അഞ്ചാം നിറം ഏറ്റവും പവർഫുൾ.പിന്നെ താഴോട്ട്.. മരണ വംശവും ഏതാണ്ടതേ താളത്തിലാണ്. അങ്ങനെ നോവലിനെയും ഒന്നു മുതൽ 18 വരെ നിറങ്ങളായി വിഭജിക്കാന്ന് ഞാൻ കരുതുന്നു.. യാദൃശ്ചികമായിട്ട് മഹാഭാരതത്തിലും 18 അധ്യായാണ്. അപ്പോ അത് രണ്ടും കോ - ഇൻസിഡന്റ് ആയി വന്ന ഒരു സംഭവാണ്. എപ്പഴും അധ്യായായിട്ടാണ് എഴുത്തുകാർ തിരിക്കുന്നത്. അപ്പോ ഞാൻ കരുതി നമ്മുടെ കാര്യല്ലാം പുറത്തുള്ളോർ അറിയട്ടേന്ന്.. അതുംകൂടി എഴുത്തുകാരന്റെ കടമയാന്ന് ഞാൻ വിശ്വസിക്കുന്നു.

ഡോ.മിനി സെബാസ്റ്റ്യൻ : കാടടുത്തു വീട് ദൂരെയായി എന്ന് പറയുന്ന കുഞ്ഞമ്മാറ്. ഇത് നോവലിന്റെ ദർശനമായി കരുതാമോ ?

പി.വി. ഷാജികുമാർ : കൊല്ലാനും കൊല്ലപ്പെടാതിരിക്കാനും മരണത്തിലേക്ക് എത്തിപ്പെടാതിരിക്കാനുമുള്ള മനുഷ്യന്റെ അതിജീവനശ്രമത്തെയാണ് നോവൽ ആത്യന്തികമായി അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. കുഞ്ഞമ്മാർ കാടടുത്തു വീട് ദൂരെയായി എന്ന് പറയുമ്പോൾ ചുടുകാട് അടുത്തു, താമസിക്കുന്ന വീട് .. ദേശം അകലെയായി എന്നാണ് അതിന്റെ അർത്ഥം. എല്ലാരും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ മരണത്തിലേക്ക് നടത്തുന്ന യാത്രയാണ് ജീവിതം. മരണവംശത്തിൽ ഇതുപക്ഷേ അവനവൻ തന്നെ വരുത്തിവയ്ക്കുന്ന കാരണങ്ങളാവാം, സമൂഹം അടിച്ചേൽപ്പിക്കുന്ന കാരണങ്ങൾ ആവാം അല്ലെങ്കിൽ അവനുചുറ്റും നിൽക്കുന്ന മനുഷ്യർ ഉണ്ടാക്കിയെടുക്കുന്ന ഒരു വലയിൽ കുടുങ്ങിക്കിടക്കുന്ന കാരണങ്ങൾ കൊണ്ടാവാം. മരണത്തിലേക്ക് ഹ്രസ്വമായി ജീവിതം അവസാനിപ്പിക്കേണ്ടി വരുന്ന അല്ലെങ്കിൽ പെട്ടെന്ന് മരണത്തിലേക്ക് യാത്രയാകുന്ന മനുഷ്യരുടെ നിസ്സഹായതയും സങ്കടങ്ങളുമാണ് മരണവംശം ആവിഷ്കരിക്കാൻ ശ്രമിക്കുന്നത്.

തമസ്സോമ ജ്യോതിർഗമയ



Basil Baby
II DC Malayalam

നൂറ്റാണ്ടുകളുടെ മഹാസമുദ്രങ്ങൾ താണ്ടി, സ്വപ്നതുല്യമായ ഉയരങ്ങളും നേട്ടങ്ങളും പിന്നിട്ട്, പുതിയ നൂറ്റാണ്ടിന്റെ പുത്തൻ മേച്ചിൽപുറങ്ങളിലേക്കായി നോക്കെത്താ ദൂരങ്ങളിലേക്ക് കണ്ണുംനട്ടുനിൽക്കുന്ന വിദ്യാഭ്യാസ മേഖല. നാളെയുടെ അറിയാത്തീരങ്ങളിൽ ഇന്നലെകളുടെ നേട്ടങ്ങൾ നിഷ്പ്രഭമാകുന്ന കാഴ്ചകൾക്കായി കാത്തിരിക്കുകയാണ് നാം.

എങ്കിലും നൂറ്റാണ്ടുകളുടെ ചരിത്ര പുസ്തകങ്ങളിൽ, ഒരിക്കലും മറക്കാനാവാത്ത മുഹൂർത്തങ്ങളും മുഖങ്ങളും ആശയങ്ങളും ജ്വലിച്ചുനിൽക്കുന്നു. ഈ തീഷ്ണശോഭ വരുംകാലഘട്ടങ്ങളിലേയും ശക്തിസ്രോതസ് തന്നെ. അവിടെ, പഴമയുടെ താളുകൾ മറിക്കുമ്പോൾ ചിന്തയെ പിടിച്ചുലയ്ക്കുന്ന പാരമ്പര്യങ്ങളുടെ പ്രൗഢോജ്ജ്വലമായ തേരോട്ടം.

സഹസ്രാബ്ദങ്ങളുടെ പാരമ്പര്യവും അഗാധമായ ഈശ്വരചിന്തയുടെ പിൻബലവും അവകാശപ്പെടാവുന്ന ഭാരതസംസ്കാരത്തിൽ വിദ്യാഭ്യാസം ഉൾക്കാഴ്ചയെ ആഴപ്പെടുത്തുന്നതാണ്; അകക്കണ്ണിനെ തുറപ്പിക്കലാണ്. വിശാലമായ കാഴ്ചപ്പാടുകളെ രൂപപ്പെടുത്തുന്നതാണ് ശരിയായ അധ്യയനം. പാശ്ചാത്യമായ കാഴ്ചപ്പാടും ഇങ്ങനെതന്നെ. പ്ലേറ്റോ പറഞ്ഞു: 'ആത്മാവിന്റെ കണ്ണുകളെ പ്രകാശത്തിലേക്ക് തിരിക്കുകയാണ് വിദ്യാഭ്യാസത്തിലൂടെ'. അപ്പോൾ വിദ്യാഭ്യാസം ഒരു തപസ്യയാണ്. ഈ തപസ്സിലൂടെ പൂർണ്ണവികാസം പ്രാപിച്ച സമഗ്രവ്യക്തിത്വങ്ങൾ രൂപപ്പെടണം. അതായത് ഇതരവ്യക്തികൾ, ആശയങ്ങൾ, വസ്തുക്കൾ, സൗന്ദര്യം, പ്രകൃതി, ജീവജാലങ്ങൾ, സംഗീത-നൃത്ത-സാഹിത്യാദികലകൾ, മറ്റു മതങ്ങൾ എന്നിവയുമായി ശരിയായ അനുപാതത്തിൽ ബന്ധപ്പെടണം. അങ്ങനെ പരമാവധി വളർച്ചനേടി ഒരു പൂർണ്ണ മനുഷ്യനാവുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഇങ്ങനെ ഒരു ക്രമം ഉള്ളിന്റെയുള്ളിൽ പ്രാപിച്ച വ്യക്തികൾ ചേർന്നാൽ ക്രമവും സമാധാനവുമുള്ള സമൂഹങ്ങളുണ്ടാവും. വ്യക്തിയുടേയും സമൂഹത്തിന്റേയും ആന്തരിക ജീവിതവും ബാഹ്യജീവിതവും സമന്വയിക്കുക എന്നത് ഒരാവശ്യമാണ്; വിദ്യാഭ്യാസത്തിലൂടെ ഇത് നേടിയെടുക്കാനാകുന്നുണ്ടോ? മേൽപറഞ്ഞ അടിസ്ഥാന ലക്ഷ്യങ്ങൾ വിസ്മരിച്ചാൽ സമൂഹത്തിൽ നിരുത്തരവാദിത്വമായ പെരുമാറ്റവും ചൂഷണവും മാനുഷികമൂല്യങ്ങളുടെ തളർച്ചയുമാണ് നടക്കുക.



ഇന്ന് കുട്ടികൾക്ക് വിവരസാങ്കേതികവിദ്യയിൽ വൈദഗ്ധ്യം നൽകുക മാത്രമായി വിദ്യാഭ്യാസ രംഗം ചുരുങ്ങിയിരിക്കുന്നു. എന്നാൽ പണ്ട് രാഷ്ട്രത്തിന്റെ ഭാവിഭാഗധേയം നിർണ്ണയിക്കുന്നത് ക്ലാസ്സ് മുറികളിലാണ് എന്നൊരു കാഴ്ചപ്പാടുണ്ടായിരുന്നു, മനുഷ്യസമൂഹത്തിന്റെ മനസ്സും ഹൃദയവും നയിക്കപ്പെടേണ്ടത് ഏതുവഴിയിലൂടെ ആണെന്ന് നിശ്ചയിക്കപ്പെടുന്നത് സോഷ്യൽ മീഡിയയുടെ

നാലതിരുകൾക്കുള്ളിലാണ് എന്ന തിരിച്ചറിവ് ഏറെ വേദനാജനകമാണ്. അപ്പോൾ പ്രപഞ്ചത്തിന്റെ മേൽ ദൈവകരം നൽകുന്ന സാന്ത്വന സ്പർശം മുടങ്ങരുതേ എന്ന് പ്രാർത്ഥിക്കുക...

നന്മയ്ക്കോ തിന്മയ്ക്കോ എന്ന വിവേചനം കൂടാതെ സോഷ്യൽ മീഡിയ ദൃശ്യശ്രാവ്യ വിരുന്നൊരുക്കുമ്പോൾ അത് വിവേചിച്ചറിയാനുള്ള കഴിവ് ജനങ്ങൾക്കുണ്ടാകണം. തെറ്റും ശരിയും തിരിച്ചറിയാൻ പാടില്ലാത്ത കുട്ടികളുടെ മനസ്സിലേക്ക് ശരിയുടെ രൂപത്തിൽ അവതരിപ്പിക്കപ്പെടുന്ന പല തെറ്റുകളും മായാതെ നിലകൊള്ളുകയും അത് വ്യക്തിത്വത്തിൽ പ്രതിഫലിക്കുകയും ചെയ്യും. പൈതൃകമായി നമുക്ക് ലഭിച്ച മൂല്യങ്ങൾ തകർന്നടിയാൻ ഇത് കാരണമാകും. സോഷ്യൽ മീഡിയയുടെ മാസ്മരികലോകം മനുഷ്യനെ മനുഷ്യനിൽ നിന്നകറ്റി. സഹജീവികളെ വെറും ഉപകരണങ്ങളായി കാണുന്ന ഒരു ജീവിതശൈലിയിലേക്ക് മനുഷ്യവംശം വലിച്ചിഴയ്ക്കപ്പെടുകയാണ്.

ഒരു കാലത്ത് മാധ്യമങ്ങൾ മനുഷ്യന്റെ ഉപകരണങ്ങളായിരുന്നു. ഇന്ന് മനുഷ്യൻ അവയുടെ ഉപകരണങ്ങളാണ്. ഇനിയുള്ള ലോകത്തിൽ വിവരമാണ് ശക്തി. സൈബർ യുദ്ധമുറയാണ് ആധുനികോത്തര തലമുറയുടേത്. അത് നമ്മളിൽ ഓരോരുത്തരിലുമുണ്ട്.

സമൂലമായ പരിവർത്തനങ്ങൾ സോഷ്യൽ മീഡിയ സമൂഹത്തിൽ സൃഷ്ടിക്കുമ്പോൾ അവയിൽ നിന്നകന്ന് പൊട്ടക്കിണറ്റിലെ തവളയായി ജീവിക്കുന്നത് മൗഢ്യമാണ്. മറിച്ച് സോഷ്യൽ മീഡിയ നമ്മെ കീഴ്പ്പെടുത്താതിരാക്കാൻ അവബോധമുള്ളവരാകുക. ഒപ്പം അവ നൽകുന്ന നന്മയെ ഉൾക്കൊള്ളാനും അതിനെ ജീവിതത്തിൽ പ്രയോജനപ്പെടുത്താനും ശ്രമിക്കുക. വിദ്യാധനം സർവ്വധനാൽ പ്രധാനമാണല്ലോ.

ഒരു കാര്യം മറക്കാതിരിക്കാം. ലോകം എത്ര പുരോഗമിച്ചാലും സനാതന മൂല്യങ്ങൾക്ക് മാറ്റം വരികയില്ല. സത്യവും സ്നേഹവും കരുണയും വിശ്വസ്തതയുമെല്ലാം മനുഷ്യവംശത്തിന്റെ നിലനിൽപിനും വളർച്ചയ്ക്കും ആവശ്യമാണ്. മനുഷ്യജീവിതത്തെ ഉദാത്തമാക്കുന്നത് ഇവയാണ്. അതുകൊണ്ട് ലോകത്തിൽ മാറി വരുന്ന പ്രവണതകളോട് ശരിയായ സമീപനം സ്വീകരിക്കാൻ വിദ്യാഭ്യാസം കാലഘട്ടത്തിന് അനുസരിച്ച് ഓരോ കുട്ടിയെയും സഹായിക്കേണ്ടതുണ്ട്.

ബൗദ്ധികവളർച്ചയോടൊപ്പമുള്ള വൈകാരിക പക്വത (Emotional Intelligence) വിദ്യാഭ്യാസ കാലഘട്ടത്തിൽ നേടിയെടുക്കണം. വൈകാരിക പക്വത വികസിച്ചാൽ സ്വന്തം വികാരങ്ങളെ ചൊൽപടിക്ക് നിർത്താനാകും. സുഖദുഃഖങ്ങൾ, കോപതാപങ്ങൾ, വിദ്വേഷം, അസൂയ തുടങ്ങിയ പ്രാകൃതിക വികാരങ്ങളെ സർഗ്ഗാത്മക വികാരങ്ങളാക്കി മാറ്റേണ്ടത് ശരിയായ വ്യക്തിത്വവികസനത്തിനാവശ്യമാണ്. ഇത് സംഭവിക്കുന്നത് വിദ്യാഭ്യാസത്തിലൂടെ മാത്രമാണ്. ശരീരവും മനസ്സും ആത്മാവും വളർന്നാലേ ആനുപാതികമായി ഇതൊക്കെ നടക്കൂ.

മുൻ രാഷ്ട്രപതി അബ്ദുൾകലാം പറയുന്നു: 'ഇന്ത്യൻ യുവത്വത്തിന്റെ ജ്വലിക്കുന്ന ചിന്തകളാണ് പ്രപഞ്ചത്തിലെ ഏത് വിഭവത്തേക്കാളും സമ്പന്നം; യുവത്വത്തിന്റെ തെളിഞ്ഞ ചിന്തയിൽ നിന്നാണ് അറിവും ഐശ്വര്യവും ഉടലെടുക്കുന്നത്'. അകക്കണ്ണ് തുറക്കുന്ന ജ്ഞാനപാരമ്പര്യങ്ങൾ നമുക്ക് മാതൃകയാകട്ടെ.




Creativity in the Era of AI: New Modes of Storytelling

Ms. Thejimol George
Research Scholar in English



In the age of artificial intelligence, storytelling is undergoing a profound transformation. No longer confined to traditional formats, narratives now emerge through interactive, multimodal experiences - merging text, image, sound, and code. AI-generated content challenges authorship, enabling collaborative creation between human imagination and machine computation. Tools like ChatGPT and generative art models expand the storyteller's palette, offering personalized, dynamic tales that adapt to readers in real time. This democratization of storytelling empowers voices previously unheard, fostering global narratives across languages and cultures. Yet, these innovations raise critical questions: Can machines truly create, or do they merely remix? As algorithms mimic emotion and plot, the role of the human storyteller shifts from originator to curator and guide. In this new literary frontier, creativity becomes less about the solitary genius and more about synergy between art and code, tradition and invention, human and machine. The story, it seems, is just a beginning.






MELVIN V MANOJ
III DC MALAYALAM










A Life Cut Short



Suvarna C
Research Scholar
Department of English



White walls, a frozen fortress
Red chair, her last throne
Yellow rope, her last resort.

Once she was a red bride with
yellow gold and thick black hair
Marked by her groom with sindoor
With eyes full of hopes and dreams
She embarked on a new journey.

But beneath the silks and wedding fire
Lurked demands that never tire
Gold, cars, gifts: an unending list
Each day was a torment.

Her laughter dimmed, she grew thin
Her hair, a tangled mess
The sparkle in her eyes, now rare
A life once full of hope, now overthrown.

No comforting words, helping hands
She wrote no letters, told no tales
Bore the burden, alone and profound
Became a shadow, pale and worn.

They found her hanging, cold and dead
A life cut short by the dowry demands
The family weeps, neighbours sigh
But the cruel debt paid by her life will remain.

രാജ്യപുത്രൻ



Pooja Santhosh
I DC B.com

കാവൽക്കാരൻ അല്ലയോ നീ, ജവാനേ?
അതോ,
രാജ്യത്തിന്റെ വീരപുത്രനോ?
എന്തു വിശേഷണം നൽകുമെന്നറിയില്ല...
നിന്റെ സാഹസികയാത്രകൾ പറഞ്ഞാൽ തീരുകില്ല.


ഉറിയിലെ ആ രാത്രിയും,
കാർഗിൽ യുദ്ധവും
നിന്റെയാ യാത്രകളിൽ ഒന്നുമാത്രം!

ജന്മദേശത്തിന്റെ മണ്ണുകാക്കുന്നോനേ,
ജനതകൾക്കൊക്കെ അഭിമാനമായോനേ,
ശരശയ്യയിൽ കിടന്നീടുമ്പോളും,
ഭാരതത്തെ വിജയിപ്പിച്ച ഒരുവനേ,

സ്വന്തം അമ്മയുടെ കണ്ണീർ വീഴ്ത്തി നീ,
രാജ്യത്തിന്റെ കണ്ണീർ തുടച്ചെന്ന് കരുതിയോ?
നിനക്ക് ഒരാൾക്കായി ഇന്നവർ കരയുന്നു...
നീ ഈ രാജ്യപുത്രനല്ലോ?

നിന്റെ ത്യാഗങ്ങൾ കണ്ടു വളർന്നീടും പൈതങ്ങൾ,
നിനക്ക് പകരമായി ഉയർന്നീടും നാളെ.
നീയും ഉയർന്നീടും പൊൻസൂര്യനായി!
ശീതകാലത്തിൻ കൊടും തണുപ്പിൽ

കാവലായവർക്ക് ആശ്രയമായി,
ബദ്രിനാഥിലെ നാഥനെ വരെ കാക്കുന്ന
സൈനികരെ നിങ്ങൾ
ദൈവതുല്യരോ?
അതോ ദൈവത്തിനും അധിപനോ?



Rare St Andrew's Cross Spider Discovered on Deva Matha College Campus:





Dr. Sunil Jose K
Associate Professor
Dept of Zoology

Kuravilangad (Kottayam): A team of undergraduate students and faculty from Deva Matha College, Kuravilangad, has made a remarkable biodiversity discovery by documenting the presence of the rare orb-weaving spider Argiope versicolor (Doleschall, 1859), commonly known as the multi-colored St Andrew's Cross spider, on their own college campus. This marks the first confirmed record from South India and only the second from India, the first being a report from Assam in the northeast.

The discovery was part of a B.Sc. Zoology student research project led by Dr. Sunil Jose K., Associate Professor and Principal Investigator of the Arachnology Research Lab at Deva Matha College. The project involved enthusiastic participation from students Amrithanidhi S., Elizabeth Jose, Devayani Babu, Kavya Raj, Aiswarya Raj, Anjaly M., and Mariyath M. Dr. Jose was supported by faculty members Dr. Priya Joseph (HOD), Dr. Arunima Sebastian, and Mr. Justin Jose of the Department of Zoology. The team's work underscores the immense value of student-led scientific initiatives, illustrating that even familiar campus environments can hold hidden biodiversity treasures.

The study was conducted in the Arachnology Research Laboratory at Deva Matha College, established with support from the Science and Engineering Research Board (SERB), Department of Science and Technology (DST), Government of India, under its prestigious Core Research Grant (CRG) scheme. The lab is dedicated to studying spider taxonomy, ecology, and evolutionary biology.



The spider was first observed in open, semi-disturbed areas of the campus, such as garden edges and grassy clearings. Its vivid yellow-and-black coloration, large orb web featuring a distinctive cruciform stabilimentum, and characteristic behavioral patterns led to its preliminary identification as Argiope versicolor, the multi-colored St Andrew's Cross spider. Given the rarity and lack of prior records in southern India, confirmatory research was deemed essential.

